H. 116
2536



മാർ

തോമാശ്ലീഹായുടെ

ചരിത്രസംക്ഷേപം

കല്യാണപ്പാട്ട്.

മഞ്ഞളി വർഗ്ഗീസ്സിനാൽ
ഉണ്ടാക്കപ്പെട്ടത്.

HISTORY OF ST. THOMAS

A Marriage Song.

BY

M. C. WARGHESE.

SECOND EDITION.
Revised and Enlarged.
Copies 1,000

വേപ്പേരി
കുടത്തിൽ അച്ചടിച്ചത്.
1087

Copyright Registered.

M
00051238
J63
V43

Reference

Not to be taken Out

S.T. MONASTERY. * MANNANAM. * KOTTAYAM.
H116
2536



മാർ

തോമാശ്ലീഹായുടെ

ചരിത്രസംക്ഷേപം

കല്യാണപ്പാട്ട്.

മഞ്ഞളി വർഗ്ഗീസ്സിയമ്മൽ

ഉണ്ടാക്കപ്പെട്ടത്.

ST. THOMAS MONASTERY. * AYROOR P.O. * MAVELIKARA.

HISTORY OF ST. THOMAS

A Marriage Song.

BY

M. C. WARGHESE.

SECOND EDITION.
Revised and Enlarged.
Copies 1,000

തുശ്ശിവപേത്രർ

ഭർതവിലാസം അച്ചുകൂടത്തിൽ അച്ചടിച്ചത്.

1087

വില അണ മൂന്ന്. Copyright Registered.

DHARMARAJA COLLEGE * LIBRARY * KANGAZHA

DHARMARAM COLLEGE LIBRARY
Ac. No. 57238
Call No. JG3/V43
AR

മുഖവുര.

അജ്ഞാനാന്ധകാരത്താൽ മൂടപ്പെട്ടുകിടന്നിരുന്ന ഈ മലയാളത്തിൽ പൂവിൽകത്തിൽ സത്യവേദപ്രകാശത്തെ ഉദിപ്പിച്ച ഉത്തമഗുരുവും പ്രത്യേകമായി നമ്മുടെ ഓമ്മക്കു യോഗ്യതയുള്ള പിതാവും ആയ ശുദ്ധമാനമാർ തോമാശ്ലീഹാ ഈ നാട്ടുകളിൽ വന്നു രക്ഷയുടെ വഴി ഉപദേശിച്ച പള്ളികളും സ്ഥാപിച്ചതിനെകുറിച്ചു പൂവീകത്തിൽ എഴുതപ്പെട്ടിട്ടുള്ള പല പ്രബന്ധങ്ങളും, പാട്ടുകളും, ചില സ്ഥലങ്ങളിൽ വളരെകാലം മുമ്പെ ഗ്രന്ഥത്തിൽ എഴുതപ്പെട്ട കിടപ്പുള്ളതായി കയ്യുംകിട്ടിയ ചില കവിതകളും, പിന്നീട് അച്ചടിച്ചതായ ചരിത്രപുസ്തകങ്ങളും മുതലായ പല രേഖകളാലും പാലയൂരമുതലായ പല പുരാതനദിക്കുകളിൽ തലമുറ തലമുറയായി പൊതുവിൽ നടപ്പായിട്ടുള്ള വിശ്വാസയോഗ്യമായ പാരമ്പര്യവൃത്താന്തങ്ങളും, പഴഞ്ചൊല്ലുകളും, മുതലായവയാലും അറിയുന്നപ്രകാരം ശ്ലീഹായുടെ ആദ്യാവസാനംവരെ കിട്ടിയേടത്തോളം ചരിത്രവിവരങ്ങളെ ഒന്നായിചേർത്ത് ഏവർക്കും മനസ്സിലാകത്തക്കവിധത്തിൽ കല്യാണപ്പാട്ടുകളുടെ രീതിയിൽ ഒരു ഗീതമായി പുതുതായിചമച്ചുണ്ടാക്കി, 1892-ൽ പകല്പാവകാശം രജിസ്റ്റോട്ടുകൂടി ഈ ഗീതപുസ്തകത്തെ അ

ച്ചടിപ്പിച്ചു. ഇതിന്റെ ശേഷം പ്രസിദ്ധപ്പെടുത്തിയതായി കണ്ട ചില പുതിയചരിത്രപുസ്തകങ്ങളാലും മറ്റും അറിവുകിട്ടിയ രസകരമായ ഏതാനും ചരിത്രവിവരങ്ങളേയും കൂടി ഇതിൽ അതാതുപാഠങ്ങളിൽ പട്ടിമാക്കി കൂട്ടിച്ചേർത്തും, മൈലാപ്പൂർ, ചീന, സൊക്കോത്ര മുതലായ സ്ഥലങ്ങളിൽ ശുദ്ധ: ക്രിസ്തീയ സുവിശേഷപ്രചാരം ചെയ്യ സഭകൾ സ്ഥാപിച്ചിട്ടുള്ളതിനെ വിവരിക്കുന്നതായി ഒരു പാഠം പുതുതായി രചിച്ചുചേർത്തും രണ്ടാമത്തെപതിപ്പായി ഇപ്പോൾ അച്ചടിപ്പിക്കുന്ന ഈ ചെറുപുസ്തകം മലയാളക്രിസ്ത്യാനികളേവക്കും സുറിയാനിക്കാക്കും പ്രത്യേകിച്ചും സന്തോഷകരമായി ഭവിക്കുമെന്നു വിശ്വസിക്കുന്നു.

2. ഇതിൽ ഇപ്പോൾ, യുവതികൾ ഉപയോഗിച്ചുവരുന്ന മംഗല്യഗീതഗീതികളിൽ 5 പാഠങ്ങളും ഒന്നാംമത്തെപ്പതിപ്പായ പുസ്തകത്തിൽ ഉള്ളതിനേക്കാൾ അധികം ചരിത്രവിവരങ്ങളും അടങ്ങീട്ടുണ്ട്.

എന്ന്

പാവക്കാട്,
പാലയൂർ
1911 ഡിസംബ്ര 20-ാംനു-

രചകൻ മഞ്ഞളി ച. വർഗ്ഗീസ്.





മാർതോമാശ്ലീഹായുടെ

ചരിത്രം

കല്യാണപ്പാട്ട്.

൧-ാം പാദം.

മാർ തോമാശ്ലീഹായുടെ സുവിശേഷയാത്രയും
താൻമലയാളത്തിൽവരുവാനിടയായതും.

ശീൽ:—അക്കാലം ഹാവായും ഉമ്മായുമായ്
പുക്കിരുമൊക്ഷമൊരാലയത്തു—എന്നതുപോലെ.

സർവ്വേയാപരനായനാഥ സർവ്വക്കുടയവനായനാ
ഥ * സർവ്വലോകംനിറഞ്ഞുള്ളനാഥ സർവ്വേശസർവ്വ
ണാംബുരാശെ * അമ്പിനാൽമനുഷ്യരക്ഷചെയ്വാൻ ത
മ്പുരാൻതന്നെറുമാരനായി * ഇമ്പമോടിക്ഷിതിതനിൽ
വന്ന അമ്പുള്ളരക്ഷകനീശോനാഥ * വിശ്വാസക്കാരാ
യമാനുഷർക്ക ആശ്വാസമായിവെളിവുനൽകി * ചി
ത്തംതെളിയിച്ചീടുന്നവനെ സത്യാത്മാവായുള്ളദൈവ

ഥനംചേന്നശേഷം * തന്തിരുശിഷ്യന്മാർപന്തിരുപേർ
സന്തതംനഹാനിറഞ്ഞവരായ് * രക്ഷയാംമാശ്ലമറിയി
പ്പാനായ് ശിക്ഷയായോരോദിശിക്കുപോയി * ക്ഷിണ
പൂവ്ദാഗത്തേക്കായി പക്ഷമായ്ചെന്നിതുമത്തോമാനും *
പാത്ത്യമിദിയകമ്മേന്യായിലും പാർശിയുറഹദിശികളി
ലും * സീനാമലയുടെചാരത്തുള്ള നാനാദിശികളിലും
ഗമിച്ച * രക്ഷകനുണ്ണിയെഭശിപ്പാനായ് പക്ഷമോടെ
പൂവ്ദിക്കിൽനിന്നു * നക്ഷത്രത്താലെവഴിയറിഞ്ഞ് ഇ
ക്ഷിതിബേതലഗോശാലയിൽ * ചെന്നുവന്ദിച്ചുഭ
ക്തിയോടെ പൊന്നുംമുരളാദികാഴ്ചവെച്ച * ജ്ഞാനികം
മൂവർമഹാജനമാരെ ജ്ഞാനസ്നാനംചെയ്യുരക്ഷനൽകി *
ഇച്ചൊന്നനാനാദിശിയതിങ്കൽ ഇച്ഛയോടങ്ങുമാർതോ
മാതാനും * മത്ത്യനാഥന്റെസുവിശേഷത്തെ പഠ്യമാ
യങ്ങറിയിച്ചുകൊണ്ട് * വാഴപ്പെരിയവൻനാമത്താലെ
ഏഴുസഭകളുംസ്ഥാപിച്ചവിടെ * സന്തോഷംപൂണ്ടുമാർ
തോമാതാനും ഹിന്തുദേശത്തിൽവടക്കുപുക്ക * കണ്ഡ
പരശുതൻനാടതിലും ഇണ്ടൽകൂടാതങ്ങുചെന്നുശ്ലീ
ഹാ * ഏവൻഗലിയോനറിയിച്ചുതാൻ ഏകനായ്ചു
റ്റിനടക്കുംകാലം* വാഴിന്നടയവൻകത്താവിന്റെ വാ
ഴപ്പെരിയജനനിതന്റെ * ആമയവാത്തയറിഞ്ഞുശ്ലീ
ഹാ താമസംകൂടാതുടൻമടങ്ങി * മന്നിൽപരിശുദ്ധമാ
യനാട്ടിൽ ചെന്നങ്ങുചേന്മാർതോമതാനും * മാർ
തോമനാദിശിയെത്തുംമുമ്പെ മത്തമറിയതാൻവാന
ഴറി * ഖേദംമുഴുത്തുമാർതോമാശ്ലീഹാ മാതാവി
ന്നായിവിലാപിച്ചേറാം * ഇഷ്ടമാതാവിന്നെറുകുപ്പാ
യത്തിൽ കെട്ടുവാറൊന്നുലഭിച്ചതിനെ * ശിഷ്ടമുനി

വരൻശിഷ്യൻതോമ ഇഷ്ടത്തോടോമ്മക്കായങ്ങെടുത്തു*
മുന്നംതാൻപോന്നൊരുനാടതിങ്കൽ പിന്നേയുംശ്രീഫാമ
ടക്കമായി * തല്പരൻതന്നുടെരക്ഷാമാഗ്ഗം താല്പൎയ്യത്തോ
ടെയുപദേശിച്ചും * പാരംപെരുത്തകഷ്ടപ്പാടേറുംപാ
രിലെസൌഖ്യംത്യജിച്ചുകൊണ്ടും * മാലോകരെരക്ഷ
ചെയ്യതിന്നായ് മാലുകളേറുനടക്കുംകാലം* ഊഴിപതി
മാരിൽകീൎത്തിപൊങ്ങി വാഴുന്നകണ്ഡപരശുതന്നേറ *
കീഴായിവാഴുന്നരചന്മാരിൽ ചോഴമണ്ഡലക്കരയതി
ങ്കൽ * വാഴ്പോടെനാടുവാണീടുംരാജൻ ചോഴപ്പെരു
മാൾമഹീപതിതാൻ* നിദ്രയിങ്കൽകണ്ടൊരുഗൃഹത്തെ
ചിത്രംവിചിത്രമതിൻപണികളും * മന്ദിരമൊന്നതിൻ
ഭാഷപോലെ മന്ദേതാംപണിചെയ്യതിന്ന് * ചിന്നമുഴ
ത്തുമഹീശൻചോഴൻ അന്തരങ്ങത്തിലുംഖേദംപൂണ്ടു *
ചിന്തിതംസാധിപ്പതിന്നരാജൻ മന്ത്രിവരന്മാരോടാ
ലോചിച്ചു * ആപണംതന്നിലക്കാലത്തിങ്കൽ വ്യാപാ
രംചെയ്യുവസിച്ചീടുന്ന * ആവാനെന്നുള്ളോരുവൎത്തക
നെ കോവിലകത്തുവരുത്തിക്കൊണ്ട് * ചിത്രവിചിത്ര
പ്പണികളുള്ള ചിത്രാലയംപണിചെയ്യതിന്ന് * വമ്പ
നായുള്ളൊരുതച്ചൻതന്നെ അമ്പോടുപോയിതിരഞ്ഞീ
ടുവാൻ * വേണ്ടുംചിലവുകളുംചെയ്യതിന്ന് വേണ്ടുന്ന
പൊന്നുംപണവുംനൽകി * കല്പിച്ചയച്ചിതരചൻചോ
ഴൻ കല്പനപോലവനുംഗമിച്ചു * കപ്പൽവഴിയുംകരവ
ഴിയും അപ്പുമാൻസഞ്ചാരംചെയ്യുകൊണ്ട് * ചെന്നുവട
ക്കുപടിഞ്ഞാവള്ള ഉന്നതമായൊരുഭാഗത്തേക്കു* ദേശം
പലതുമവൻനടന്നു ആശസാധിക്കാതെഖേദംപൂണ്ടു *
മഹാശോനെന്നപുരിതന്നിലന്നു മഹീപതിദൂതനുംചെ

ന്നുശേഷം * മാറാനവന്നുപ്രത്യക്ഷമായി ക്രൂരാലവനോ
ടരുളിച്ചെയ്തു * പാരതിൽവെച്ചുസമർത്ഥനായി സാര
ജ്ഞനായോരുശില്പിയുണ്ട് * ഈവഴിസഞ്ചാരിയായ്വരു
ന്നു ഈവഴിയിങ്കലവനെക്കാണാം * നിന്നുടെഭീതി
നിദ്രയിങ്കൽ മുന്നമെകണ്ടവിധംഗൃഹത്തെ* ചിത്രമാ
ങ്ങുപണിചെയ്യാനായ് ചിത്രപ്പണിക്കുസമർത്ഥനിവൻ*
ഇന്നിവനാളംസമർത്ഥനായി ട്ടിന്നരന്മാരിൽതച്ചർചെ
രുങ്ങും * എന്നമറപൊരുളായ്പറഞ്ഞു അന്നമാത്താ
മയോടുംപറഞ്ഞു * ഹിന്തുവിൽമാർഗ്ഗമറിയിപ്പാനായ്
ചിന്തതെളിഞ്ഞുനീപോയിടേണം * ഹിന്തുവിലുള്ളോ
രുമാനുഷക്ക് ചന്തത്തിൽരക്ഷവരുത്തിടേണം * കല്പ
നകേട്ടുടൻമാതേത്താമാനം തല്പരനോടുണർത്തിച്ചിതപ്പോ
ൾ * ഹിന്തുദേശംമഹാദൂരമല്ലോ എന്തുദിശിയെന്നറി
വില്ലല്ലോ * അടിയനേകനായ്പോകയെന്നോ ഉടയവ
നെനീകല്പിക്കുന്നു? * നിന്തിരുകല്പനപോലടിയൻ എ
ന്തായാലുംപുറപ്പെട്ടുകൊള്ളാം * ഏവമുണർത്തിച്ചുവാ
ത്തുകേട്ട കേവലംനാഥനരുളിച്ചെയ്തു * തോമായെഖേ
ദംനിനക്കുവേണ്ട ആമോദത്തോടെതെളിഞ്ഞുകൊൾക*
എന്നെനിനെക്കുന്നനേരത്തിങ്കൽ നിന്നോടുകൂടെയുണ
ണാനുണ്ട് * മന്നവൻചോഴൻറുതനിന്ന് നിന്നെ
തിരഞ്ഞിവഴിവരുന്നു * പോകനീമനിയവനോടുകൂ
ടെ ഏകൻവീഎന്നുനിനച്ചിടേണ്ട * ഇപ്പടിചൊല്ലിമ
റഞ്ഞുനാഥൻ അപ്പോൾമുനിവരനുംനടന്നു * മന്നവ
ൻതന്നുടെദൂതനാവാൻ അന്നേരംമാത്തോമനേയുംകൂ
ണ്ടു * സന്തതംശില്പിയുമൊട്ടിയാവാൻ സന്തോഷത്തോ
ടെനടന്നുതൻ * ചെന്നവരുമന്നറബിതന്നിൽ സന്ദേ

റമെന്യേകപ്പൽകയറി * തമ്പുരാൻതന്റെകരുണയാ
ലെ ഇമ്പമോടെകടൽയാത്രചെയ്തു * ഖണ്ഡപരശുരാ
ൻകീഴായുള്ള ഖണ്ഡമെന്നായമലങ്കരയിൽ * വന്നമ
ഹാവേർപട്ടണത്തിൽ ചെന്നുസുവിശേഷവിത്തുമി
ട്ടു * ചോഴമഹീശനെകാണ്മാൻപിന്നെ ഊഴിപരിദ്യു
നാവാനുമായ് * ചോഴകരക്കുതിരിച്ചയാത്ര ചോഴമഹീ
പാൻരാജ്യംപുക്കു * ഭൂപതിദൂരനുംതോമയുമായ് ഭൂപ
തിചോഴന്റെമാരെചെന്നു * വന്നനാംതച്ചന്റെവാ
ത്തയെല്ലാം ഇമ്പമോടാവാൻപറഞ്ഞുമെല്ലെ * ചോഴമ
ഹീശൻപെരുമാളന്ന് വാഴപെരിയതോമായെക്കണ്ടു *
അത്തലൊഴിച്ചവനാശപസിച്ചു ചിത്തത്തിലാമോദ
വുംകലർന്നു * മുന്നമവൻനിർമ്മയിൽകൽകണ്ട മന്ദിരത്തി
ന്റെവിശേഷമെല്ലാം * നിർണ്ണയത്തോടെവിവരമായി
വർണ്ണിച്ചചൊല്ലിമാത്തോമായോട് * ഇച്ചൊന്നപോ
ലൊരുമന്ദിരത്തെ തച്ചനായുള്ളനീതീർക്കുമെങ്കിൽ * ശി
ക്ഷയായിട്ടിൻതൃപമിന്ന് ഇക്ഷണത്തിൽവരച്ചീടുക
നീ * എന്നിവാജൻപറഞ്ഞവാത്ത അന്നുമാത്തോമ
നുംകേട്ടനേരം * ഭാഷയായിട്ടൊരുചിത്രമപ്പോൾ ഈ
ഷൽക്കുടാതെവരച്ചുതോമ * പിന്താരംകണ്ടുതെളിഞ്ഞു
രാജൻ അന്തരംഗത്തിലുംമോദംപൂണ്ടു * മുന്നമവൻക
ണ്ടമന്ദിരംപോൽ അന്നവൻചിത്രത്തിലൊത്തുകണ്ടു *
ഇച്ഛയോടീഗൃഹംതീർപ്പതിന്നു തച്ചനായ്പന്നാരപ്പൊ
സ്സോലനെ * ഏല്പിച്ചചോഴമഹീപതിതാൻ കല്പിച്ച
നവധിദ്രവ്യംനൽകി * വൻപൻമഹീപൻമനംതെളി
ഞ്ഞു ഇമ്പമോടിത്ഥംപറഞ്ഞുമെല്ലെ * വേണ്ടുംവിധംപ
ണിചെയ്യതിന്നു വേണ്ടുന്നകോപ്പുകൾകൂട്ടുകനീ * നല്ല

തരംമരംകല്ലുകളും മെല്ലെകരസ്ഥമാക്കീടുകനീ * ചിത്ര പ്പണികളുമൊക്കെവണം ചിത്രംവരച്ചതുപോലെ വേണം * രാജനീവണ്ണംപറഞ്ഞവാത്ത രാജാധിരാജ ന്റെദാസൻകേട്ട * സമ്മതത്തോടന്നയാത്രചൊല്ലി അമ്മഹിന്ദ്രൻറവിടയുംവാങ്ങി * കത്താവിനസ്തുതി ചെയ്യുകൊണ്ടും കത്തുകൃപക്കായികേണുകൊണ്ടും * ക ത്താവിൻവാക്കിൽശരണമോരും ശത്രുപീഡചിന്തിക്കാ തെകണ്ടും * മത്സ്യനായുന്നമിശിഹാതന്റെ മത്സ്യരക്ഷാ ത്ഥമായുള്ളമാർഗ്ഗം * മത്സ്യരോടങ്ങറിയിപ്പാനായി മത്തേ മാൻശ്ലീഹാപുറപ്പാടായി * ചോഴൻവാണീടുന്നനാട്ടിൽ നിന്നു വാഴപെരിയവനുംകടന്നു * മാർഗ്ഗമറിയിച്ചമാന ഷ്ക്കർ മാർഗ്ഗത്തിൽചേന്നുപലജനങ്ങൾ * സത്യവേദ തത്തെപ്രചാരംചെയ്യും കത്താവിന്നായിട്ടുവേലചെയ്യും* സാധുജനങ്ങളെരക്ഷചെയ്യും മോദാലവരോടുകൂടികൊ ണ്ടും * ഉത്തമനാഥന്റെശിഷ്യൻതോമ ചിത്തംതെളി ഞ്ഞങ്ങുസഞ്ചരിച്ചു * മന്നവൻചോഴനെചെന്നുകണ്ട മന്ദിരത്തിൻറവിശേഷംചൊല്ലി * വീണ്ടുംചിലപ ണിക്കാപ്പുകൾക്കായ് വീണ്ടുംകുറെദ്രവ്യംവാങ്ങികൊ ണ്ടു * പിന്നെയുംമാർഗ്ഗമറിയിപ്പാനായ് മന്നവസന്നി ധിവിട്ടുതോമ * പാരമാംകഷ്ടപ്പാടോടുകൊണ്ടും പാരി ലതിശയംചെയ്യുകൊണ്ടും * സാധുജനത്തോടുചേർ ന്നുകൊണ്ടും സാധുജനങ്ങൾക്കുതവിചെയ്യും* മായാവിശി ശാതന്റെകല്പനപോൽ മായാതെയത്നംചെയ്യുനടന്നു * സത്യവേദത്തിൻറവിത്തുമുന്നം പാഥ്യമായ്നട്ടതാൻ വിട്ടുപോന്നു * കേരളമായമലങ്കരക്കു പാരംപ്രിയംപൂ

ണ്ടങ്ങെത്തിശ്ശീഹാ * സഞ്ചാരിയായിനടന്നശ്ശീഹാ അ
ഞ്ചാതെവേലചെയ്തീടുന്നേരം * പോലിൻെറപുത്രിതൻ
വേളിയെന്നും കോലാഹലമായഘോഷമെന്നും * നാ
ലുദിശിയിൽവസിച്ചീടുന്ന മാലോകരങ്ങുവരുണ്ടെ
ന്നും * നാട്ടുകാർചൊല്ലുന്നവാർത്തയെല്ലാം കേട്ടതെളി
ഞ്ഞിതുമാത്തോമാനും * വേളിക്കെഴുന്നെള്ളിടുന്നതിനു
പോലുംക്ഷണിച്ചമുനിവരനെ * കല്യാണവീട്ടിൽമാ
ത്തോമാൻചെന്നു കല്യാണംകൂടിപിരിയുന്നേരം * രക്ഷ
കൻതൻെറവിശിഷ്ടമാജ്ഞ ശിക്ഷയോടന്നവർവിശ
സിപ്പാൻ * ആശമുഴുത്തുമുനിവരനും ഈശോമിശീഹാ
യോടന്നിരന്നു * വാട്ടംകൂടാതെസുവ്വേശരന്നു കൂട്ടത്തി
ൽചെവ്വസ്തുതിയുംചെയ്തു * വാഴുകകർത്തീശൻെറനാമ
ത്താലെ വഴികൊടുത്തിതുമാത്തോമാനും * അന്ധന്മാ
രായജനങ്ങൾക്കതിൽ ചന്തക്കേടെന്നുഗ്രഹിച്ചുകഷ്ടം *
മൂഢനരന്മാരിലകനപ്പാൾ താഡിച്ചുമാത്തോമാൻത
ൻകവളിൽ * പെട്ടെന്നൊരുവ്യാശ്ലേപാഞ്ഞുവന്നു ദു
ഷ്ടതചെയ്യുരുപാണിയന്നു * കഷ്ടംകടിച്ചുകൊണ്ടുഗ
മിച്ചു ഞെട്ടിനടുങ്ങിജനങ്ങളൊക്കെ * വ്യാശ്ലേംകടിച്ചു
തകർത്തകരം ശീശ്ലേംവരുത്തിമാത്തോമാൻകാട്ടി * പോ
ലുമവനടെമന്ത്രിമാരും ആലയംതന്നിലുള്ളജനവും *
വിസ്മയംപൂണ്ടുമനംതിരിഞ്ഞു വിസ്മയത്തോടവർവിശ
സിച്ചു * മാണിക്യമായസുവിശേഷത്തെ കാണികളായ
ജനങ്ങൾകേട്ടു * മാലിന്യംകൂടാത്തമാന്തോടീസാ ആ
ലോകരാകെമുഴുകിയന്നു * നല്ലമുനിവരനോടുചെയ്യു
വല്ലായ്മയായത്തവർക്കുശംവുണ്ടു * കണ്ണുനീരാലെയന്നു

തപിച്ച ബന്ധനമസ്കാരംചെയ്യുവരും * കഷ്ടമാംകർമ്മം ക്ഷമിപ്പതിന്നു ശിഷ്ടമുനിവരനോടിരന്നു * വ്യഗ്രംകടിച്ചുമുറിച്ചകരം ശീഘ്രത്തിൽ ശ്ലീഹാമുറിവുകെട്ടി * കഷ്ടത ചെയ്യുനരക്കുവേണ്ടി ഇഷ്ടപരനോടപേക്ഷചെയ്യു * രക്ഷകനീശൊമിശീഹാതന്റെ അക്ഷയമായവിശ്വാസമാർഗ്ഗം * മറവുമോരോരൊദേശങ്ങൾതോറും ഉറവുനടന്നറിയിച്ചുമെല്ലെ *

ഒന്നാം പാദം സമാപ്തം.

രണ്ടാം പാദം.

മാർ തോമാശ്ലീഹയാൽ കേരളത്തിൽ സഭാ സ്ഥാപിക്കപ്പെട്ടത്.

ശീൽ:—എപ്പോഴും തമ്പുരാനെ ഞാനെങ്ങൾ വിശ്വസിച്ചേൻ എപ്പോഴും വേണ്ടുന്നതു തന്നുകൊണ്ടിരിക്കിലോ— എന്നതുപോലെ.

മാണിക്കമായമാർഗ്ഗംമലയാളത്തുറപ്പിപ്പാൻ മാറാനരുളപ്പാടായുള്ളോരുകാലത്തിങ്കൽ * മാറാനെറനാമരുമാലെമത്തോമാൻപുറപ്പെട്ട മാറാൻശരണമെന്നുമാനസത്തിലുറച്ച * മാറാനെസ്തുതിചെയ്തുകപ്പലതിൽകയറിക്കൂടാലെവന്നുചോന്നുചേരകോൻമലനാട്ടിൽ * ഊഴിര

ക്ഷകദാസനാകിയശ്ശീഹാതാനും ചോഴസേവകൻപരദേ
ശിയാമാവാനുമായ് * മാനുഷരക്ഷകൻറെകാലമമ്പത്തോ
രാണ്ടിൽ മാനുഷരക്ഷകൻപിറന്നധനുമാസത്തിൽ *
വാണിഭത്താലെവുകൾപൂണ്ടുശോഭിച്ചീടുന്ന നാണിഭ
മായപുരികൊടുങ്ങല്ലൂക്കുട്ടത്തു * കാത്തുവുമിശീഹാതാൻ
ശരണമെന്നുറച്ച മത്തോമാനാദ്യംചെന്നുമാലിയാവുങ്ക
രെക്ക് * സത്യസത്രുപനായസവ്വേശനാരെന്നതും സ
ത്യമാംരക്ഷാമാശ്ശീമേരുതന്നുമറിയാതെ * അന്ധകാര
ത്തിൽപെട്ടവലയുംജനങ്ങൾക്ക് ചന്തത്തിൽരക്ഷാമാ
ർഗ്ഗംശ്ശീഹായന്നറിയിച്ച * രക്ഷകനീശോനാഥനിക്ഷിതി
യിൽവന്നതും രക്ഷനരകുലങ്ങൾക്കൊക്കെവെളുത്തിയ
തും * സവ്വരുംവിധിപ്പാനീശോവരുമെന്നതും സവ്വജ
നങ്ങളോടുംതെളിവായറിയിച്ച * ക്ഷിതിരക്ഷകനുടെവ
രപ്രസാദത്താലെ അതിശയങ്ങൾചെയ്തുപരബോധം
വരുത്തി * ഒട്ടേറെജനങ്ങളുംവിശ്വാസക്കാരുമായി ചെ
ട്ടനുജ്ഞാനസ്നാനമേറവർദ്ധക്കുംവിയാടെ * ഒട്ടുദിനമവി
ടെവാസംചെയ്തതിൽപിന്നെ വാട്ടംകൂടാതെപോയി
ചോഴരാജനെകാണ്മാൻ * ചോഴമഹീപതിയെകണ്ടുകാ
യ്മംപറഞ്ഞു വാഴുള്ളമന്ദിരപ്പണിയുമതേറശ്ശീഹ * പി
ന്നെപലഭിശികൾചുറ്റിസഞ്ചാരംചെയ്തു പിന്നെരിതി
ച്ചുതാമവന്നമലങ്കരക്കര * തിരുവഞ്ചിക്കുളത്തുള്ളരചരി
ക്കുവരും പരിചാരകന്മാരായുള്ളവലനരും * ഊരതിൽ
വസിക്കുന്നൂരാളുനാരുമെല്ലാം ചാരുശീലൻറെ ചാ
ക്കിൽപാരംവിസ്മയംപൂണ്ടു * ജ്ഞാനമാർഗ്ഗമറിഞ്ഞരജ
നങ്ങളുമെല്ലാം ജ്ഞാനസ്നാനവുമേറെ വിചാരിച്ചവര
ന്നു * ജ്ഞാനസ്നാനത്തിലിരുന്നവരെണ്ണം മുന്നൂറുപി

താവാംശ്രീഹാകല്പിച്ചുപേർവിളിച്ചു * കാരണവനനാമം
അന്ത്യയോസെന്നുംപിന്നെ പേരുമിളയവന്നുകേപ്പാ
യെന്നുമതത്രെ* അന്നേരംമാത്തോമാനുംതമ്പുരാനെസ്തു
തിച്ചു അന്നരന്മാക്കുനന്മനൽകുവാനപേക്ഷിച്ചു* ദേശമ
തിൽവസിക്കുംഇസ്രായേൽജനത്തോടും ഈശോമിശി
ഹാതൻറെവാത്തകളറിയിച്ചു * രക്ഷകൻമിശിഹായെ
ന്നുള്ളശരണത്തോടെ രക്ഷകൻറെവരവറിഞ്ഞിടാതെ
വസിക്കും * സ്വന്തജനങ്ങളായയൂന്മോരിൽപലരും
ചിന്തതെളിഞ്ഞുമെല്ലെ വിശ്വസിച്ചിതുമാർഗ്ഗം * വിശ്വ
സിച്ചജനങ്ങൾവിശ്വാസത്തിലുറപ്പാൻ വിശ്വാസര
ഹസ്യങ്ങളൊക്കെയുംപഠിപ്പിച്ചു * പരമപരൻതന്നെ
വന്നിച്ചസ്തുതിപ്പാനായ് കുരിശുവെച്ചവിടെദൈവാല
യവുംതീർത്തു * ഭക്തിപെരിയകേപ്പാഎന്നപ്രഭവരനെ
ഭക്തിപാലകശ്രേഷ്ഠനായിനിയോഗംചെയ്തു * തന്നെ
യുമയച്ചോരുകത്താനെനിനച്ചിട്ടു പിന്നെയുംമലങ്കരെ
യുള്ളപലദേശങ്ങൾ * ചുറ്റിനടന്നുതോമശ്ലീഹാങ്ങൾ
തോഴംചെന്ന ഉറവിശിഹാതൻറെവാത്തകളറിയിച്ചു *
ഉത്തരദേശമായപാലയൂരുംവന്നെത്തി ഉത്തമനായമു
നിശ്രേഷ്ഠനന്നൊരുദിനം കീഴ്ത്തിപെരിയഗ്രാമംപാല
യൂരതിചന്ന * പാർത്തുവന്നമനക്കാർനാല്പതിൽപരമ
ല്ലൊ * അമ്പലവാസികളുംആഢ്യബ്രഹ്മസുരന്മാരും വന്നേ
രംജനങ്ങളുമുണ്ടനേകമവിടെ * വന്ദിച്ചുവിഷ്ണുക്ഷേത്രം ഭ
ദ്രകാളീഗൃഹങ്ങളും അമ്പലങ്ങളിങ്ങിനെഇമ്മായ്പല
തുണ്ട് * ഓത്തുപഠിപ്പിക്കുന്നഓത്തുശാലയുംമഹാ ഓ
ത്തന്മാരായവിപ്രവൈദികന്മാരുമുണ്ടു * വ്യഗ്രമെന്നി
യെവെച്ചുപൂജിച്ചുഭജിക്കുന്ന വിഗ്രഹംപലതരംകണ്ടു

യുംമനോഹരം * ഇത്രമനോഹരമായജ്ഞാനികൾവാഴ
മ്പോൾ തത്രവന്നാരുപരദേശിയെപോലെതോമ *
വിപ്രഗണത്തോടുതാൻവർത്തമാനംചോദിച്ച മൽപ്രി
യന്മാരെനിങ്ങൾആരെസേവിച്ചീടുന്നു * മുപ്പത്തുമൂന്നു
കോടിദേവന്മാർഞങ്ങൾക്കുണ്ട് മുവ്വരതിൽപ്രധാനമേ
റിയവരുമുണ്ട് * മന്ത്രജപങ്ങളുണ്ട്കർമ്മങ്ങൾപലതുണ്ട്
അന്തണരായഞങ്ങൾസർവകർമ്മികളത്രേ * യാഗങ്ങൾ
ചെയ്യുംഞങ്ങൾക്ഷാളനംചെയ്യുംനിത്യം നാഗങ്ങളെപൂ
ജിക്കുംനാഗപ്രീതിവരുത്തും * വേദങ്ങൾനാലുംപിന്നെ
ശാസ്ത്രങ്ങളാറുമുണ്ട് വേദാന്തമറിഞ്ഞവർഞങ്ങളിൽപ
ലരുണ്ട് * ഇത്ഥമവർപറഞ്ഞവാക്കുകൾകേട്ടശ്ലീഹാ ഉ
ത്തരമായിചൊല്ലിസത്യവേദവഴികൾ * വേദനായകൻ
തൻറെവേദസാരംപറഞ്ഞു ബോധകശ്രേഷ്ഠനതിവാക്ക
വൈഭവത്താലെ * അമ്പുള്ളനാഥനിശോശിഷ്യൻറെ
വാക്കുകേട്ട നമ്പൂരിമാരുമൊക്കെശങ്കിച്ചുമാനസത്തിൽ *
അമ്പലക്കുളമതിൽനിന്നുസ്നാനംചെയ്യുന്ന വമ്പന്മാരാ
യവിപ്രന്മാരുടെചാരെചെന്നു * സ്നാനവന്ദനമിതുഎന്ന
ക്രിയയെന്നു സ്നാനംചെയ്യുന്നദ്വിജർചൊല്ലിമാത്രേ
മാനോട്ട * വെള്ളംഭൂജത്തിൽകോരിപൊക്കിമേലോട്ടെ
റിഞ്ഞു ഉള്ളത്തിൽജപംചെയ്യുധ്യാനിക്കുന്നതുംകണ്ടു *
ചോദിച്ചുമാത്രേതാമാനംഭൂസുരന്മാരെനിങ്ങൾ മോദിച്ചു
ചെയ്യുന്നക്രിയകൊണ്ടെന്തുഫലങ്ങൾ * കോരിയെറി
ഞ്ഞജലംകീഴെവന്നുവീഴുന്നു വാരിയിലടയാളംതാഴെയും
കാണ്മാനില്ല * ഓക്കുമ്പോളതിശയമൊട്ടുമതിങ്കലില്ല
ആക്കുമിതുപോലെപ്രവൃത്തിച്ചീടാനെളുപ്പം * രക്ഷലഭി
പ്പാനാശയുണ്ടെങ്കിൽനിങ്ങളിന്നു രക്ഷകനെയറിഞ്ഞുവി

ശപസിച്ചീടവേണം * മുക്തിക്കുചിതമായമാമ്മോദീസാ
യെന്നുള്ളശക്തിയേറിയജ്ഞാനസ്നാനവുംചെയ്തീടേണം*
ഭക്തിയെന്നുനിനച്ചുചെയ്യുംക്രിയകൾകൊണ്ടു മുക്തിവ
രികയില്ലെന്നുള്ളതുമറിയേണം * ദേഹസ്നാനങ്ങൾകൊ
ണ്ടുംദേവതസേവകൊണ്ടും ദേഹിക്കുഗുണമൊട്ടമില്ലെ
ന്നുള്ളതുംപിന്നെ * ദേവതകൂട്ടംമഹാദൈവംശപിച്ചോ
രെന്നും ആവതില്ലവക്കൊരുകായ്വുമെന്നുംചൊല്ലി *
എന്നീവാക്യങ്ങൾകേട്ടഭൂസുരന്മാരുമന്ന് അന്നരവരനോ
ടുകോപിച്ചുചൊന്നീവണ്ണം * എന്തെടാപരദേശിഎ
ന്തുചൊല്ലുന്നുനീയും അന്തണരുടെകർമ്മംപുച്ഛമായൊ
നിനക്ക് ബുദ്ധിയില്ലാതെയോനീവിദ്യയില്ലായ്കയാലൊ
ബൌദ്ധനെപ്പോലെയിന്നുബുദ്ധികേടായ്ചൊല്ലുന്നു *
അത്ഭുതംനിനക്കുചെയ്തീടാമോപരദേശീ ! അത്ഭുതവാ
ത്തയെന്തുനീപറയുന്നുപിന്നെ * അന്നേരംപരദേശി
യായശ്ശീഹാപറഞ്ഞു എന്നുടെനാഥനീശോഅത്ഭുത
ക്കാരൻതന്നെ * മന്നിടവാസികളെകേട്ടുകൊണ്ടാലും
നിങ്ങൾമന്നിൽമിശീഹാചെയ്യുമത്ഭുതംപലതുണ്ട് *
കാറ്റുംകടലുംകല്ലുംസർവ്വവസ്തുക്കളുംകൂ മാറ്റംവരാതെ
തിരുകല്പനകേട്ടീടുന്നു * അങ്ങെയനുഗ്രഹങ്ങളിന്നിനി
ക്കുണ്ടായെന്നാൽ നിങ്ങളുംകാണുമിങ്ങതിശയങ്ങൾപ
ലതും * കല്ലിലുംകാഠിന്യമായുള്ളമനംതിരിപ്പാൻ ഇല്ലാ
പ്രയാസമൊട്ടുംസർവ്വേശകാരുണ്യത്താൽ * സർവ്വനാഥ
നെനിങ്ങളിന്നുപരീക്ഷിക്കേണ്ട സർവ്വജയങ്ങളുംതനിക്കു
ള്ളതെന്നറിവിൻ* എവംശ്ശീഹാപറഞ്ഞവാത്തകളുംകേ
ട്ടുനേരം ദേവസേവകനോടുഭൂദേവന്മാരുംചൊല്ലി * കാ
റ്റുംകടലുംകല്ലുംകീഴടങ്ങിവരുന്ന ഊറ്റമേവന്നവേനെ

ന്നെല്ലൊനീചൊല്ലുന്നു * കാണട്ടെപരദേശിനിന്നുടെദേ
വശക്തി കാണിച്ചീടുകനീയുംവിസ്മയംവാരിയിങ്കൽ *
വാരിയിലത്ഭുതംനീ കാണിച്ചീടുകിലിന്നുസാരമേറിയനി
ന്നൊമാഗ്ഗ്മനുസരിക്കാം * നിന്നുടെദേവനതിശക്തിമാ
നെന്നുതെങ്ങൾ സന്ദേഹംകൂടാതിന്നുവിശ്വസിക്കുന്നതു
ണ്ട് * സത്യമിദംകഴിച്ചുധാത്രിസുരന്മാരാകെ സാതം
കൻതോമയോടുനിബ്ബന്ധംഉടനെയാൽ * അമ്പലക്കള
മതിചിറങ്ങിമുനിവരൻ അമ്പുള്ളനാഥനോടപേക്ഷകളും
കഴിച്ചു * കത്താവുമിശിഹായെചിത്തത്തിൽനിരൂപി
ച്ചു മത്തോമാൻകരംകൊണ്ടുവെള്ളംകോരിയെറിഞ്ഞു *
മേലോട്ടെറിഞ്ഞജലംവെള്ളിക്കട്ടകൾപോലെ മേൽഭാഗ
ത്തങ്ങുനിന്നുതാഴെപതിച്ചീടാതെ * കീഴെജലക്കഴിയും
മായംകൂടാതെകണ്ടു വാഴകൾക്കുടയവൻതന്നെറകാരു
ണ്യത്താലെ * വിസ്മയക്രിയയിതുവിപ്രജനങ്ങൾകണ്ടു
വിസ്മയപ്പെട്ടുചിത്തെസത്യബോധവുംവന്നു * തൽക്ഷ
ണംരക്ഷകള്ളമാമ്മോദീസായുംമുങ്ങി ശിക്ഷയിലീശോ
സരായിമനംതിരിഞ്ഞു * മോക്ഷമാഗ്ഗ്മറിഞ്ഞുഅക്ഷികൾ
വെളിവായി മോക്ഷനാഥനെയവർഭക്തിയോടെസ്തുതി
ച്ചു *വിഗ്രഹങ്ങൾതകർത്തുക്ഷേത്രങ്ങൾനശിപ്പിച്ചു വിഗ്ര
ഹവന്ദനക്കാർവിശ്വാസക്കാരുമായി * സന്തതംസ്തുതി
യോടെദൈവവന്ദനംചെയ്യാൻ ചന്തമാംപള്ളിയുംകുരി
ത്തുമവിടെതീർത്തു * അത്ഭുതങ്ങൾപലതുംപിന്നെയുംചെ
യ്തുശീഹാ അത്ഭുതക്രിയകണ്ടുമാനഷർവിസ്മയിച്ചു * മ
ത്തോമാൻതന്നെകീർത്തിദേശമതിൽപരന്നു മത്ത്യക്കുഭ
യഭക്തിചിത്തത്തിലുള വായി * സത്യംഗ്രഹിയാതെക
ണ്ടൊട്ടവിപ്രജനങ്ങൾ സത്യംവിട്ടോടിമഹാദോഷജന

ങ്ങളന്ന് * ഇനിയത്തെകുളികൊവന്മേനാട്ടെന്നുചൊ
ല്ലി മാനസെനാണംപൂണ്ടുപാലയൂരവർവിട്ട * അപ്പ
ദേശത്തുനിന്നുമൂന്നുനാഴികട്ടരെ വിപ്രമന്ദിരങ്ങളുംക്ഷേ
ത്രംകുളവുമുള്ള * വന്മേനാട്ടെന്നചെറുഗ്രാമത്തക്കവെർ
പോയി നന്മയാംവഴിതൃജിച്ചന്നവർനിർഭാഗ്യത്താൽ *
ഇനിയത്തെകുളിവന്മേനാട്ടെന്നാരുചൊല്ലും മാനുഷർ
ചൊല്ലിനടപ്പായിതുദേശംതന്നിൽ * ഗ്രാമവുമതുമ
പ്പെട്ടെന്നുകല്പിച്ചാഭോഷർ ഗ്രാമത്തിൽനിന്നിടാതെ
പോയിമറദിശിക്ക് * അന്നത്തൊട്ടതിൻമൂലംവിപ്രജ
നത്തിലാക്കും അന്നപാനാദിയൊന്നുംപാലയൂരിൽവ
ഹിയാ * എന്നുള്ളോരജ്ഞാനത്താൽപാലയൂരതിൽനി
ന്ന് ഇന്നുംജലപാനംകഴിക്കയില്ലജ്ജനങ്ങൾ * ഗ്രാമ
ത്തെവിട്ടകന്നവിപ്രജനങ്ങളന്നു ഗ്രാമപ്രദേശത്തിന്നു
ശാപംപറകമൂലം * ഗ്രാമപ്രദേശത്തിന്നുശാപക്കാടെ
ന്നനാമം ഗ്രാമംവിട്ടവിപ്രന്മാർചൊല്ലിനടപ്പായി *
ഓത്തന്മാരായദ്വിജരോത്തുപഠിപ്പിക്കുന്ന ഓത്തുശാല
യുംതത്രപാഴായിപോകമൂലം * ഓത്തുശാലനശിച്ചുപോ
യോരുസ്ഥലത്തിന്നു ഓത്തുപറമ്പെന്നിന്നുംനാമംവി
ളിച്ചീടുന്നു * കാളിയംകാവുമനനിന്നസ്ഥലത്തിനിന്നു
കളിയംവീടുപറമ്പെന്നുംപറഞ്ഞീടുന്നു * ആദേശത്തുവ
സിക്കുംയൂദന്മാരോടുംശ്രീയേ മേദിനിരക്ഷകനെന്നമാഗ്ഗ
മുപദേശിച്ചു * യൂദന്മാരിൽചിലരുംമിശീഹായെയറി
ഞ്ഞു മോദേനവിശ്വസിച്ചുമാമ്മോദീസായുംമുങ്ങി * യൂ
ദജനങ്ങളന്നുപാത്തുവന്നസ്ഥലത്തെ യൂദന്മാരുടെകു
ന്നെന്നിന്നുംപറഞ്ഞീടുന്നു * മുഖ്യന്മാരായബ്രാഹ്മണരു
ന്നാരുംപിന്നെ വിഖ്യാതരായിമേവുംമറവുള്ളജനങ്ങളും *

ഈശോമിശിഹാതന്റെമാർഗ്ഗക്കാരായ്ഭവിച്ച ആശയോ
ടവർതേടിആത്മരക്ഷവഴികാം * സത്യഭക്തനായുള്ള
മത്തോമാനാലെയുള്ള സത്യവൈദേസേവയുംകേൾക്കയോ
ടെതുടങ്ങി * സത്യവേപ്രമാണംവിശ്വാസികാംപ
റിച്ച നിത്യവുംപെൽകിപ്പരന്നിതുദേശോത്തരത്തിൽ * ദ
ക്ഷിണദേശമായകൊല്ലത്തുചെന്നുശ്ലീഹാ രക്ഷാവഴി
യാദേശവാസികാംകേറിയിച്ച * രക്ഷനാഥനെയവർ
പക്ഷമായ്വിശ്വസിച്ച രക്ഷക്കടയതായമാമ്മോദീസാ
യുംമുങ്ങി * ഓക്കമെങ്ങലാചായൽകോട്ടക്കായലുംചു
ന്നെ തെക്കൻദിശിയിലുള്ളതുപ്പാലേശപുരം * ഇ
ച്ചൊന്നഗ്രാമങ്ങളിൽസഞ്ചരിച്ചുനടന്നു ഇപ്രയിൽമാർഗ്ഗ
മറിയിച്ചിതുമത്തോമാനും * സ്വർഗ്ഗരയംസൃഷ്ടിച്ചസവ്വ
നാളുംപാലിക്കും സവ്വേശനഭജിപ്പാൻസവ്വർക്കുംബുദ്ധി
ചൊല്ലി * സവ്വനാഥൻശപിച്ചസാത്താനെസേവിപ്പ
തു സവ്വേശനിഷ്ഠയില്ലെന്നുള്ളതുംതെളിയിച്ച * ആദേശ
ങ്ങളിലുള്ളമാനുഷാസംഖ്യൈപേർ ആദരവോടുകൂടെമാ
മ്മോദീസായുംമുങ്ങി * സാദരംകേതിപുണ്ടുവന്ദിച്ചീടുവ
തിന്നു ആദേശങ്ങളിൽശ്ലീഹാകുരിശുകളുംതീർത്തു * ദുഷ്ട
രായനരന്മാർതുപ്പാലേശപുരത്തുള്ള ഇഷ്ടമേറിയസ്ലീവാ
നിന്ദിച്ചുതുഛമാക്കി * കഷ്ടമായക്രിയകൾചെയ്തീടുക
യാലപ്പോൾ ശിഷ്ടമുനിവരൻശപിച്ചവരുടെഗ്രാമം *
ആദേശത്തുള്ളകുരിശുവിടെന്നെടുപ്പിച്ചു ആദിശിക്കെ
തിർതെക്കായനിരന്നതിൽവെച്ചു* നിരണമതിലുംമാ
മ്മോദീസക്കാർപെരുകി ഭരണത്തിന്നുശ്ലീഹാക്രമപ്പെട്ട
ത്തിഃപാന്ന * സത്യവേപ്രവരൻഇങ്ങിനെമലങ്കരെ
സത്യവേദംപ്രചരിപ്പിച്ചുപരത്തി * നരരക്ഷകനീ

ശോകരുണയുണ്ടാകയാൽ നരന്മാക്കതിശയംപലതും
ചെയ്യുകാട്ടി * പാരംവിഷമപ്പെട്ടരോഗങ്ങൾശമിപ്പിച്ച
ഘോരമാംപിശാചുബാധകളുംശമിച്ചു* കുഷ്ഠരോഗികളെ
സുഖപ്പെട്ടുത്തിയയച്ചു ദൃഷ്ടിക്കുവെളിവില്ലാത്തവക്കുകാ
ഴ്ചനൽകി*മുടവരായുള്ളോരെഉടനെനടത്തിച്ചു ഉടയവ
നസ്ഥിതിഇടവിടാതെചെയ്തു*ഭൂപാലന്മാരുംപലയോഗ്യ
ന്മാരായവരും ഭൂസുരക്ഷത്രവുംപ്രഭുക്കളായജനവും*ക്ഷത്രി
യന്മാരുംമഹാവൈദികന്മാരുംപിന്നെ ശാസ്ത്രികളായപ
ലബുദ്ധിയുള്ളദ്വിജരും*കള്ളികാളിയക്കാവുംശങ്കരപുരി
പിന്നെ പകലൊരാറുമെന്നഇല്ലക്കാരഖിലവും *സമ്പ
ന്നന്മാരുംപിന്നെസാധുക്കളായവരും അമ്പലവാസിക
ളുംവമ്പേറുംജനങ്ങളും * ഉത്തമനായശ്ശീഹാതന്നുടെക്രി
യകളാൽ ചിത്തവിസ്മയമുണ്ടുസത്യബോധവുംവന്നു*
സത്യസർവ്വേശ്വരന്റെചിത്തംകൂടാതിതൊന്നും മർത്ത്യർ
നിവരനുസാധിക്കയില്ലിതെന്നും * സത്യമായീശനുത
ന്റെദാസനീയാളെന്നതും സത്യവേദമിതെന്നുമായവ
വിശ്വസിച്ചു * അജ്ഞാനസേവവിട്ടുജ്ഞാനവഴിക്കുചേ
ന്നു ഇജ്ഞാനസാരമറിവായജനങ്ങളൊക്കെ * സത്യ
വേദംപരന്നുമാംഭീസക്കാർപെരുകി* സത്യമുനിവാനും
ചിത്തംതെളിവുവന്നു * വിശ്വാസക്കാർവസിക്കുംദേശ
ങ്ങൾതോറുംചെന്നു വിശ്വനാഥന്റെശിഷ്യൻപാത്തു
പദേശംചെയ്തു * വിശ്വസിച്ചവരായവിശ്വാസികളെ
യെല്ലാം വിശ്വാസത്തിലുറപ്പിച്ചുശ്വസിപ്പിച്ചുകൊ
ണ്ടു*പത്തുപ്രമാണങ്ങളുംതുലക്കൂടാശകളും മർത്ത്യരക്ഷാ
സ്ഥലിയായകുരിശാനയും* കല്പിച്ചുനടത്തിതാൻകല്പ
നപോലെയെല്ലാം തല്പരൻകൃപയാലെചിത്തംതെളിവു

വന്നു അന്തമറാപരനെവന്ദിച്ചസ്തുതിപ്പാനായ് ചന്ത
മാം പള്ളികളുംകുരിശുകളുംതീർത്തു* മാലിയാവുങ്കരെയും
കൊല്ലംനിരണംപിന്നെ പാലയൂർകോട്ടക്കായൽഗോക്ക
മങ്ങലംചായൽ* പള്ളികളിവയേഴുംതീർത്തുപ്രതിഷ്ഠചെ
യ്തു ഉള്ളംതെളിഞ്ഞുകൊണ്ടുനാഥനസ്തുതിചെയ്തു * ന
സ്രായക്കാരനീശോനാഥന്റെനാമത്താലെ നസ്രാണി
യെന്നനാമംവിശ്വാസികൾക്കുവന്നു * തങ്കമായുള്ളവേ
ദംവിശ്വസിച്ചനരരിൽ ശങ്കരപുരിയെന്നുംപകലൊമ
റുമെന്നും * കീർത്തിപെരിയരണ്ടുവീട്ടുകാക്കുന്നശ്ലീഹാ
കർത്താവിൻനാമത്തിൽതിരുപ്പട്ടവുംകൊടുത്തു * പുത്ത
നായുള്ളസഭേരിച്ചനടത്തുവാൻ ഭക്തരായുള്ളപട്ടക്കാരെ
യുംനിയമിച്ചു * ഇങ്ങിനെമലങ്കരെസത്യവേദംപരത്തി
രിങ്ങിനമോദമുണ്ടിരിക്കുന്നകാലത്തിങ്കൽ * മത്തോ
മാനെതിരായ്തുകൊണ്ടുപെന്നീടുവാനായ് പാർത്തിപൻ
ചോഴൻതന്റെറുത്യജനങ്ങൾവന്നു * ചോഴമണ്ഡലക്ക
രവാർത്തകളറിവാനും ചോഴരാജനെകണ്ടുകാര്യങ്ങൾപ
റവാനും * ഉറ്റതൽപരൻതന്റെകാരുണ്യമുണ്ടെന്നോ
കിൽ മാറുള്ളദിശികളിൽമാർഗ്ഗമറിയിപ്പാനും * ഉൾക്കാ
മ്പിൽമുഴുത്താശഉൾക്കനിവോടുകൂടെ അക്കാലംമാത്തോ
മാനുംപോയവരോടുകൂടെ *

൨-ാം പാദം സമാപ്തം.

൨-ാം പാദം.

ചോഴരാജാവിന്റെ മനസ്സുതിരിവു.

ശീൽ:—പന്തൽക്കടിസ്ഥാനമിട്ടോരു കാലിന്മേൽ
പച്ചയും നല്ല മുകപ്പ് —എന്നതുപോലെയാ അ
ല്ലെങ്കിൽ മാഗ്ഗാ കള്ളപ്പാട്ടിൽ
ചിന്തതെളിഞ്ഞിതു ചോഴനുമാവാനും
തന്നുടെ മന്ത്രിമാ ദ്യം—എന്നതുപോലെയാ.

MONASTERY. S. T. AMPALAKAD.

—:0:—

കീർത്തിപെരിയൊരുചോഴമഹീപതി ആത്തമോ
ദത്തോടുകൂടെ * പാത്തിരുന്നുപലകാലംകഴിഞ്ഞിട്ടും മ
ത്തോമാനെകണ്ടതില്ല * ആലയംകാണുവാനാശമുഴുത്ത
വൻ കാലവുമായതുകൊണ്ട് * വാഴപെരിയാനെ കാ
ണാഞ്ഞിതക്കാലം ചോഴമഹീപതിതാനും * മന്നവൻ
തന്നുടെമന്ത്രിമാരുംപല മാന്യമേറുംനരന്മാരും * ശേ
ങ്ങാടുതോറുംമാത്തോമാനെതേടുവാൻ ആശയിൽവിട്ടുപ
ലരെ * ആലയംതീക്കുവാനേല്പിച്ചുശില്പിയെ ആലോ
കരന്നുതിരഞ്ഞു * കോവിലകംപണികാണാഞ്ഞിതെ
ങ്ങുമെ കോപംപിടിപെട്ടരാജൻ * കാണുംജനങ്ങളും
ഭാഷിക്കയാലവൻ നാണിച്ചിരിക്കുമാറായി * വന്നുചി
ലരന്നുമന്നവൻമുമ്പാകെ മന്നിൽപതിയോടുചൊല്ലി *
മന്നവാനിന്നുടെപൊന്നുംപണങ്ങളും അന്നരൻകൊ

ണ്ടുഗമിച്ച * ആനന്ദമോടവൻതന്നെറമാറ്റക്കാക്കു ദാ
നധർമ്മംചെയ്തീടുന്ന * ആലയംതീപ്പതിന്നായൊരുചി
ന്തകൾ പോലുമവന്നില്ലകേൾക്ക * ചോഴനിതുകേട്ടസാ
ദരംഗ്രഹിക്കാതെ പാഴിലങ്ങാധിപെരുത്തു * സാരമായു
ള്ളൊരുകോവിലകത്തിന്റെ സാരംഗ്രഹിയാതെയന്ന് *
തേടിനടക്കുന്നചോടകന്മാർമല നാടതിൽശില്പിയെക
ണ്ടു * കണ്ടുതെളിഞ്ഞവർമത്തോമാനെകൂട്ടി കൊണ്ടുപോ
യ്ചോഴന്റെമുമ്പിൽ * താപംമുഴുത്തവൻകോപത്തോ
ടുംകൂടെ താപസനോടന്നുചൊല്ലി * ആണ്ടകലുംപോ
യെല്ലൊകണ്ടതുമില്ലല്ലൊ പണ്ടുനീചൊന്നതുപോലെ *
കാണിക്കവേണംനീകോവിലകംപണി കാണിനേരം
വൈകീടാതെ * മന്ദിരംതീർക്കുവാൻമുന്നംഞാൻതന്നൊ
രുപൊന്നുംപണവുമെവിടെ * കാണികളെല്ലാരുംഭാ
ഷിച്ചുചൊല്ലുന്ന നാണക്കേട്ടമിനിക്കായി * മന്നവനീ
വിധംരോഷിതമോടന്നു ചൊന്നതുകേട്ടൊരുനേരം*കോ
പംമുഴുത്തൊരുഭൂപതിയോടന്നു താപസശ്രേഷ്ഠൻപറ
ഞ്ഞു * ഉന്നതമായൊരുമന്ദിരശാലയും നിന്നുടെപേർക്കാ
യിട്ടുണ്ട് * മന്ദമതിന്നുടെസർവ്വപണികളും മന്നവാരീ
ന്നുതുടങ്ങി * മന്നിടത്തല്ലതുവാനതിലത്രേ മന്നരിൽമ
ന്നനെറചാരെ * ഇന്നുനിനക്കതുകാണ്മാൻകഴിവില്ല
പിന്നെനിനക്കതുകാണാം * രാജധാനിയതുവ്സ്മയമെ
ത്രെയും രാജാധിരാജന്റെവാസം * കല്ലുംമരങ്ങളുംമണ്ണു
മതിലില്ല എല്ലാംകനകംകൊണ്ടുള്ളാ * എത്രമനോ
ഹരമായപണിയതിൽ ചിത്രവിചിത്രങ്ങളേറെ * ശോ
ഭപറഞ്ഞാലൊടുക്കമതിനില്ല ശോഭിച്ചിരിപ്പതുപ്പോ
ഴും * രാത്രിയൊരിക്കലുമില്ലയക്കോവിലകത്തു ധാത്രിപ

തികേട്ടകൊൾക * ആദിത്യരശ്മിയുംനാണിക്കുമാറതിൽ
മാണിക്കമായദീപങ്ങൾ * സർവ്വസമയത്തുംശോഭിച്ചു
കൊണ്ടവ സർവ്വംപ്രകാശിച്ചുകാണും * തീയയെന്നൊ
രുഭീതിയതിലില്ല തീയിൻറെചൂടതിലില്ല * ആധിയ
തിലില്ലഭീതിയുമില്ലതിൽ വ്യാധിദുഃഖങ്ങളുമില്ല * ചി
ത്തക്ലേശങ്ങളുംക്ഷുത്തെന്നുമില്ലതി ലെത്തിവസിക്കുന്ന
വർക്ക * ഇത്തരമുള്ളൊരുകോവിൽക്കൽപോവാൻ പ
ത്തുവഴികളുമുണ്ടു * പത്തുവഴികളിലെത്തുന്നതായി പു
ത്തനായ്രണ്ടുവഴികൾ * മന്നരിൽമന്നനാംമന്നവന
ന്ദനൻ തന്നുടെസേവകക്കായി * വെട്ടിത്തെളിയിച്ചുവാ
ട്ടംകൂടാതങ്ങു ചട്ടംവരുത്തീട്ടുമുണ്ട് * ഗോപുരമായതിലേ
റവതിന്ന് ഗോവണികളേഴുമുണ്ട് * ആദ്യമായുള്ളോര
ടിസ്ഥാനഗോവണി ആദ്യംകയറുകവേണം * ഇച്ചൊ
ന്നഭാഷയിലത്രെനിനക്കായി മെച്ചമായ്തീരുന്നവീട് *
രാജാനിനക്കതിൽപോകുന്നതായാൽ ആജീവനാന്തം
വസിക്കാം * മാത്തോമാനീവിധംചൊന്നതുകേട്ടപ്പോൾ
ആത്തകോപത്തോടുചോഴൻ * സിംഹമലറുന്നപോ
ലെയലറീട്ട് സിംഹാസനവുംനടുങ്ങി * പാരാതെശി
ല്പിയെബന്ധനംചെയ്യുടൻ കാരാഗൃഹത്തിലടെപ്പാൻ *
ഉത്തരവായതുപോലെയമാത്യരും മത്തോമാനെയിട്ടടെ
ച്ചു * കോപാഗ്നിയോടവൻകായ്യംഗ്രഹിക്കാതെ ആവാ
നേയുംപിടിപ്പിച്ചു * കാരണക്കാരനവനെന്നുകല്പിച്ചു
കാരാഗ്രഹമതിലിട്ടു * സാരേംചോഴനംസോദരനെവി
ളി ച്ചാദരേവോടെപറഞ്ഞു * രമ്പിയെനമ്മുടെരാജവം
ശത്തിന്നവമുകേട്ടംഭവിച്ചിന്ന് * എന്നുടെവാഴ്ചയിൽ

വന്നുചേരുമ്പോൾ മന്ദഭാഗ്യംപോൽ മറക്കും * വന്നുപി
ണഞ്ഞിട്ടുമില്ലൊരുകാലവും എന്നുനീസൂക്ഷിച്ചുറിക *
കേട്ടുകൊൾക മമസോദരഞാനിനി നാട്ടിലിരിപ്പാന
യോഗ്യൻ * കീർത്തിക്കുഹാനിവരുത്തിവച്ചിട്ടുഞാനിനി പാ
ർത്ഥിപനായ്പാഴ്ന്നില്ല * തമ്പിനീനമ്മുടെരാജ്യംവാണീ
ടുക അമ്പോടിനിക്കുപകരം * എന്നിവദുഃഖഭരാക്രാ
ന്തനായ്ചൊന്നതുനന്നവൻകേട്ടുകരഞ്ഞു * ആധിമുഴുത്ത
വൻക്ലേശംമുഴുക്കയാൽ വ്യാധിപിടിപെട്ടിതന്ന് * വ
ന്പനാംചോഴന്റെകല്പനയാലന്നു തമ്പിയെരക്ഷിപ്പതി
ന്ന് * വമ്പരാകുംമഹാവൈദ്യന്മാരൊക്കെ ഇമ്മഹീയ്
വന്നുനിറഞ്ഞു * ഉറവശ്രമിച്ചുവർനോക്കിപലവിധം ഉ
റവനെസുഖമാക്കാൻ * ഊറ്റമേറുംവൈദ്യർകൂട്ടമാ
കെരോഗം മാറുവാനായ്പണിപ്പെട്ടു * ഔഷധമേതുംഫ
ലിച്ചീടാതെവന്നു ഔഷധക്കാരുമൊഴിച്ചു * കാലക്രമം
കൊണ്ടുരോഗംവിഷമിച്ചു കാലാന്തരവുമവന്നായി * അ
മ്പരിലമ്പൻറെകല്പനയാലന്നു തമ്പിരാജൻമൃതിപെട്ടു*
ആലാഹനാഥനരുളാലെയാത്മത്തെ മാലാഹമാർ
കൊണ്ടുപോയി* സാമ്യമായിരുന്നമത്തേമാൻചൊല്ലി
യ സാമ്യഗൃഹത്തെകാണിപ്പാൻ * ചിത്രവിചിത്രങ്ങളു
റംകൂടാതുള്ള ചിത്രാലയത്തെയുംകാട്ടി * ചിത്തപരി
ഭ്രമംപൂണ്ടവനന്നു സത്യബോധംവന്നിതപ്പോൾ *
കാന്തികലന്നേരിഞ്ഞീടുന്നതുകണ്ടു ആന്തിയവനതുനന
രം * ചോഴൻറെനാമത്തിലുള്ളകുറിപ്പുതും ചോഴൻറെ
സോദരൻകണ്ടു * വിശ്വസിച്ചാനവൻവിസ്മയത്താലെ
പ്പോൾ വിശ്വനാഥൻകൃപയാലെ * മന്നവൻചോ

ഴനും തന്നെ കൂട്ടുകയും ഖിന്നതയോടുമിച്ച * ആ
ചാരമോടെജ്ഞതയെടുത്തു ആചാരകർമ്മങ്ങൾചെ
യ്തു * രാജശ്രീമാനത്തിലാകുവാനായവർ രാജദേഹം
പൊതിയുമ്പോൾ * ആത്മനാഥന്റെ കയ്യാലെ അ
ഞ്ചുകം ആത്മമാർഗ്ഗമതിലിട്ട * പെട്ടെന്നുരാജനും ദീ
ർഘശ്വാസമിട്ട ഞെട്ടിഉയിർത്തുടനപ്പോൾ * ചാരത്തു
നിന്നജനങ്ങൾഭ്രമിച്ചുടൻ ചോലൊത്തുമന്നനെകണ്ടു *
രാജകുടുംബക്കാർവിസ്മയംപൂണ്ടു രാജനയിത്തിനാ
ലെ * സതുരമഗ്രജാംജനർമുമ്പിൽ അത്തൽകൂടാ
തവൻനിന്നു * അന്നേരംചോരനുംതമ്പിയെകണ്ടുടൻ
വന്നുപിടിച്ചുതഴകി * അത്ഭുതമോപ്പോൾതമ്പിയുണ
ത്തിച്ചു അത്ഭുതകാര്യകളെല്ലാം * കേട്ടതെളിഞ്ഞവർ
വാട്ടമകന്നുടൻ കേട്ടജനങ്ങളുമെല്ലാം * സത്യമുനിവരൻ
മത്തോമാൻമുന്നമെ സത്യമതുചൊന്നതെന്നും * ഇ
ത്രപെരിയപുമാനോടുനാംചെയ്തെതെറ്റയബദ്ധമിതെ
ന്നും * എന്തിന്നുവേണ്ടിനിനാംചെയ്തിട്ടള്ളൊരു മുന്നി
യദോഷമൊഴിപ്പാൻ * ചിന്തിതമിങ്ങിനെയായവർതോ
മായെ ബന്ധനത്തിൽനിന്നുവിട്ട * കാരണക്കാരനാ
വാനേയുംവിട്ടന്നു കാരാഗൃഹത്തിൽനിന്ന് * മന്നിൽ
പതിയായചോഴനടനപ്പോൾ വന്ദനംചെയ്തുവണങ്ങി *
ആദരവാലവൻകാൽത്തളിർകൂപ്പി ട്ടാതുരനായുണർത്തി
ച്ചു * വന്നപിഴകൾപൊറുക്കുകവേണമെ മന്നർമന്ന
നൊരുനിയെ! * പിന്നെയടിയങ്ങൾ വേണ്ടതുമൊക്ക
വെ നന്നായരുൾചെയ്തുവേണം * രാജാധിരാജന്റെഗ്ലീ
ഷായതുനേരം രാജാക്കൾകുവാഴനൽകി * സപ്രദയാ

പരൻതനുരാനസ്തുതി സവ്വാത്മാവാലങ്ങുചെയ്യ* ചോ
ഴപ്പതിയോടുവാത്തയുരച്ചിവ ചോഴമഹീപതികേൾക്ക *
സവ്വലോകേശനാംരാജാധിരാജനെ സവ്വജ്ഞാനീസേവ
ചെയ്ക * അന്ധതപസേവകൾംവിട്ടുപേക്ഷിക്കനീ അന്ത്യ
കാലംവരുംമുമ്പെ * മന്നവാനിന്നോടുമുന്നംഞാൻചൊ
ന്നൊരു മന്ദിരത്തിൻെറയുപമ * മോക്ഷലയത്തേയും
മോക്ഷമാഗ്ഗത്തേയും സാക്ഷിയായല്ലൊഞാൻചൊല്ലി *
സാദ്യമായ്ചൊന്നോരടിസ്ഥാനഗോവണി മാമ്മോദീ
സായെന്നറിക* സാരംഗ്രഹിയാതെകോപിതനായിനീ
കായ്യവുമില്പോളറിക * കാരുണ്യവാരിധിസവ്വനാഥൻ
നിന്നിൽ കാരുണ്യമുണ്ടാകമൂലം * സത്യതെളിവുകളാ
കെനിനക്കിന്നു സത്യമായ്കാണിച്ചുതന്നു * താമസം
കൂടാതഭ്രപതിനീയിനി മാമ്മോദീസാമുങ്ങിടേണം* ഇ
ത്തരംവാക്കുകൾംകേട്ടവനംതൻെറ ചത്തുയത്തസോദര
നും* കാരാഗൃഹത്തിൽനിന്നനുവരുത്തിയ കാരണക്കാ
രനാവാനും * മന്നിൽപതിയുടെമന്ത്രിമാരുംപല മന്ന
വസേവകന്മാരും * കാണികളായുള്ളമാനുഷരുംപിന്നെ
ത്രാണികളായജനവും * ഒത്തൊരുമിച്ചവർരാജനുമായ
നു ചിത്തത്തിൽവിശ്വാസംപൂണ്ടു * ആമോത്തോല
വാകെയൊരുമയിൽ മാമ്മോദീസായുംകയ്ക്കൊണ്ടു* ധാ
ത്രിപതിമാക്കുകീത്തിയേറിടുന്ന പത്രോസുംപൌലോസു
മെന്ന * നാമംവിളിച്ചുടൻമാമ്മോദീസായതിൽ സാ
മോദത്തോടന്നുതോമ * ഉത്തമനായമുനിവരനുമന്നു ക
ത്താവിനസ്തുതിചെയ്യ* മന്നരിൽമന്നൻെറനാമത്തിൽ
കോവിലും അന്നവിടെപണിതീർത്തു * ദ്രാവിഡഭാഷ

യിലാരാധനക്രമം ദ്രാവിഡക്കായന്നനൽകി * വാട്ടമെ
ന്യേസവ്വതുംനടത്തീടുവാൻ പട്ടക്കാരെനിയമിച്ചു * മ
ന്നവന്മാരിലിളയവൻപൌലോസി നന്നുമേൽപട്ടവും
നൽകി * പിന്നെഅയൽദിശിമാഗ്ഗമറിയിപ്പാൻ ഉന്നി
ഗമിച്ചിതുശ്ലീഹാ *

൨-ാംപാദം സമാപ്തം.

൩-ാംപാദം.

മൈലാപ്പൂർപള്ളി സ്ഥാപനവും ശ്ലീഹായുടെ ചീനയാത്രയും.

രീതി:— സുന്ദരരൂപികാം താഴിമാരെ നിങ്ങൾ
ചന്ദ്രമുഖാരികളെ വരുവിൻ— എന്നതുപോലെ.

ചോഴപ്രഭുവാംമഹീപതിതന്നുടെ കീഴായിമൈലാ
പുരിയിൽവാഴും* കുന്തപ്പരാജൻറെനാടതിലുംശ്ലീഹ ച
ന്തത്തിൽചെന്നൊരുവാക്കുചൊല്ലാം * ശൈലമതിൽ
ഖഹമൈലുകളള്ളൊരു മൈലാപുരിഎന്നനാടതിങ്ക
ൽ * വാണിടുന്നാലതികീർത്തിയതിനുണ്ടു വാണിടുംകാർ
പലർപാപ്പുതുണ്ടു * കപ്പലടുക്കുംതുറയുമതിലുണ്ടു കപ്പൽ
ചരക്കുവരുവതുണ്ടു * ഇസ്രായേൽജാതിയാംയൂദന്മാരു
മതിൽ മിശ്രമായിട്ടുനല്പാപ്പുതുണ്ടു * ഇങ്ങിനെയുള്ളൊ
രുമൈലാപുരിയതിൽ രിങ്ങിനമോദേനചെന്നുശ്ലീഹാ*
ഏഴുവക്കാരക്ഷനൽകീടുന്നനാഥൻറെ ഏഴവൻഗേലിയോ

നറിയിച്ചപ്പോൾ * സത്യസന്ധൻറെചിത്തകരുണ്യ
ത്താൽ സത്യവേദംപരന്നാദിശിയിൽ * വന്ദനംചെ
യ്തതിന്നായൊരുകോവിലും അന്നവിടെപണിതീപ്പാൻ
വേണ്ടി * ആശാമുഴുത്തസ്ഥലംലഭിയാതവർ ആശയോ
ടങ്ങിരിക്കുന്നകാലം * കാടതിൽനിന്നുപറിഞ്ഞൊഴുകിവ
ന്ന കാട്ടമരമൊന്നഴിമുഖത്തു * മുട്ടിയിരുഭാഗംവാട്ടംകൂ
ടാതങ്ങു മുട്ടിയുറച്ചടിയാറഴിക്കൽ * ഭീതിപ്പെട്ടുള്ളഴി
മുഖമാകയാൽ മാറ്റമില്ലാതെതുറയടഞ്ഞു * കപ്പലും
പിന്നെപടവുകളുംപല കപ്പൽവ്യാപാരങ്ങളുംമുടങ്ങി *
നാടുവാഴിയുംതൻസേവകരുംബഹു പാടുകഴിച്ചുനോ
ക്കിനിച്ച * കുംഭീന്ദ്രന്മാരുംപണികഴിച്ചുവൃഥ അംഭ
സ്സിൽനിന്നുതടിയിളക്കാൻ * എത്രപ്രയാസംകഴിച്ചിട്ടു
മാത്തടി തത്രയിളാകാതുറച്ചിരുന്ന * വാത്തയിതുകേട്ടു
മാർതോമാനമ്മനമ്പൂ കത്താവാംനാഥനോടന്നിരുന്ന * മ
ന്നരിൽമന്നനാംതമ്പുരാൻനാമത്തിൽ മന്ദിരമൊന്നുച
മപ്പാനായി * നാട്ടിലൊരുസ്ഥലംരാജൻനൽകീടുകിൽ
കാട്ടമരമഹംനീക്കാമെന്നു * വാത്തയിതുചൊല്ലിമാർതോ
മയുമന്നു പാത്തലവാഴിക്കുതുവിട്ടു * പാർത്ഥിവന
ന്നതുസമ്മതിച്ചുമോദാൽ മാർത്തോമാനേയുംവരുത്തിശീ
ഘ്രം * പെട്ടന്നതന്നുടെവാതിൽമീതെ കെട്ടുന്ന
വാറങ്ങുഴിച്ചുമോദാൽ * തമ്പുരാനെസ്തുതിചെയ്തുകൊണ്ടു
മുനി വമ്പരവരുടെമുമ്പിൽചെന്നു * വന്ദിച്ചവൻമര
ത്തിന്നടുപോരത്തിൽ താമിട്ടകെട്ടിവലിച്ചുള്ളിൽ ഹ *
പൊന്തതുപോലെവലിച്ചുറിക്കിമരം സന്തതംവിണ്ണ
മത്തുമാഴിച്ചു * രാജനംകൂട്ടരുംസന്തോഷത്തോടന്നു
രാജ്യത്തിൽപള്ളിചമപ്പരിന്നു * കോട്ടയതിൻറെ

പുറത്തൊരുസ്ഥലം ശട്ടംവരുത്തിക്കൊട്ടുത്തുമേ
ടാൽ * കോവിൽപണിക്കായിട്ടനാമരമതും ദേവ
രാസന്നങ്ങുനൽകിടപൻ* രാജ്യമതിൻറെതുറമുഖത്തെ
ത്തുന്ന രാജ്യച്ചരക്കിൻറെചുങ്കമപ്പോൾ * ഉത്തമനായ
മുനിവരനുനൽകാനുത്തരവായിതുഭൂപതിതാൻ * ഉ
ള്ളുതെളിഞ്ഞങ്ങുകുലിയാളെക്കൂട്ടി പള്ളിപ്പണിയുംതുട
ങ്ങിനാമ*വേലചെയ്യിടുന്നകുലിക്കാക്കൊലം കൂലിക്കീ
ച്ചപ്പാടിനൽകിവന്ന * കൂലിക്കുകിട്ടിയഈച്ചമരപ്പൊ
ടി പേടിച്ചോടവർനോക്കുംനേരത്തിങ്കൽ * വേലക്കുചേ
ന്നോരുകൂലിക്കതിൽധനം കൂലിയാൾക്കുലഭിച്ചീടുമാ
റായ് * ഇത്ഥമതിശയവാഴ്ത്തുമാനുഷർ നിത്യപാര
ണ്വംചൊല്ലീടുന്ന * ഇങ്ങിനെനാനാഭിശികളിൽ
നിന്നങ്ങു തിരിവന്നജനംവേലചെയ്യാൻ * ര
ക്ഷകശിഷ്യന്മാർശ്ലീഹായവരോടു രക്ഷവഴിയുമുപദേ
ശിച്ചു * വിശ്വസിച്ചുപലർമാമ്മോദീസായേറവി
ശ്വാസതാതനുടെകരത്താൽ ദൈവകാരുണ്യത്താൽ
മൈലാപുരിയതിൽ ദൈവമയനെന്നുതീർത്തുശീഷ്ക്രം*
ശൂരരുക്ഷത്രങ്ങൾക്കുപനംവന്ന ഭദ്രക്ഷനാഥൻറെ
ശിഷ്യൻമൂലം * മാർഗ്ഗംചെകുവിലിക്കുന്നതുകണ്ടു മാ
ർഗ്ഗവൈരികളന്നയപ്പെട്ട * വൈരംമുഴുത്തവർസൂരമാ
രുവൈരസ്യത്താൽചതിപ്പാൻതുനിഞ്ഞു * സത്യ
വേദതാതൻശ്ലീഹായോടുമവർ ചിത്തത്തിൽകോപംമുഴ
ത്തുകൊണ്ടു * ചിത്തമാശുപൈതലിൻദേഹമെടുത്തവ
ർ ഘാതനൻകാമസിംഹാസനത്തിൽ * സത്യമന്ന
ങ്ങുചൊല്ലിച്ചപ്പച്ചവർ സത്യവാനെചതിചെയ്യുതി
ന്നു * കൂട്ടിക്കൊവധംചെയ്യുന്നവനെന്ന കുറവുമങ്ങു

ചുമത്തിയവർ * എത്തിമുനിവരനേയുംപിടികൂടി മി
ത്തവൈരത്തോടെദുഷ്ടവിപ്രർ * ചത്തശവത്തോടുകൂ
ടിമാർത്തോമായെ പാർത്ഥിവസന്നിധൗകൊണ്ടുപോയി*
ഭൂപതിതാനുമതനേഷ്ടണംചെയ്വാൻ കോപംകലർന്ന
ങ്ങിരുന്നവിടെ * സത്യമുനിവരനെന്നുത്തിയവർ വി
സൂരിച്ചുകള്ളസാക്ഷികളെ * ചത്തശിരുവിൻശവ
ത്തേയുംകാണിച്ച ഉത്തമനോടുചോദ്യങ്ങൾചെയ്യ *
ഇത്ഥംവിരോധികൾകുറാംചുമത്തിയ സത്യംവെളിപ്പെ
ടുത്തുന്നതിന്ന് * സത്യസ്വരൂപനെപ്രാർത്ഥിച്ചുകേതി
യിൽ ചത്തശിശുവെവിളിച്ചുണർത്തീഹ * കട്ടിയമപ്പോ
ളയിർപ്പെട്ടുകൊണ്ടുടൻ പൈതൽസത്യംകഥിച്ചുചരിതം*
ഉത്തമനായമുനിവരൻറെസത്യം സത്വരമങ്ങുവെളി
പ്പെട്ടുത്തി * കള്ളംപറഞ്ഞുകുറാംചുമത്തിയ കള്ള
ന്മാരായവൈരിജനങ്ങൾ * ക്ഷീണംഭവിച്ചുവർദ്ധി
യോടുകൂടെ നാണിച്ചുവശംഗമിച്ചുവേഗം * രാജാവുമ
പ്പോളവരേയുംശാസിച്ച രാജതിരുവുള്ളക്കേടുമായി *
മൈലാപുരിയിൽകൈവത്തർവസിക്കുന്ന കർമിഷ്ഠർ
ദേശത്തുംചെന്നുടനീഹ * സത്യസുവിശേഷംകേട്ടുകൊ
ണ്ടാനരർ ചിത്തമോദാൽമാർഗ്ഗംവിശ്വസിച്ച * രക്ഷ
ക്ഷതകീയമാമ്മോദിസാമുങ്ങി ശിക്ഷയിൽരക്ഷകശിഷ്യ
രായി * ആദേശചാരത്തുവർത്തകരായുള്ള യുന്മോദാ
യജനങ്ങളോടും * രക്ഷമാർഗ്ഗമായഏവൻഗലീയാനെ
ശിക്ഷയിലന്നറിയിച്ചുതോമ * രക്ഷകനായമശിഹായേ
യുംയൂദർ പക്ഷമാടന്നവർവിശ്വസിച്ച * ഇത്ഥംസു
വിശേഷമങ്ങുദിനംപ്രതി കൃത്വാവിൻകാരുണ്യത്താൽ

പെരുകി * സത്തമനായമുനിവരനുമന്നു കത്താവിനു
സ്തുതിചെയ്യുമോരോൽ * മുവ്വരൊരുവനാംതമ്പുരാൻനാ
മത്തിൽ ദിവ്യോപദേശങ്ങളുംകഴിച്ചു * സത്യവേദത്തി
ൽമനംതിരിഞ്ഞോക്കുന്നു സത്യവേദമുപദേശിച്ചു *
ദേശഭാഷയതിൽദേവസേവക്രമം ദേശിക്കായിനിയ
മംചെയ്തു * വാരിധിയിൽനിന്നകലെയൊരുസ്ഥലെ
ചാരുശിലൻകുരിശൊന്നുവെച്ചു * ദേശമതിൽതന്റെ
വേലതികച്ചുതാൻ ദേശംവിട്ടുശ്ലീഹപോകുംമുമ്പെ *
വിശ്വാസക്കാരാംജനങ്ങളോടക്കാലം വിശ്വാസതത
നുംചൊന്നിവണ്ണം * രക്ഷമാർഗ്ഗത്തിന്നടയാളമാകിയ
പക്ഷമാംകൽക്കുരിശിൻചാരത്ത് * വാരിധിയോള
മടിച്ചടുക്കുംനാളിൽ സാരമാംപശ്ചിമദേശെനിന്നു *
സാരജനമാരാംസുവിശേഷകശ്രേഷ്ഠർ സാരമായ്വ
ന്നുതൻവേലകളെ പൂർത്തിവരുത്തുമെന്നുള്ളോരുവാ
ർത്തയും മാത്തോമാനന്നവരോടുചൊല്ലി * ദീർഘ
ദേശമിതുനിവർത്തിച്ചതു ദീർഘകാലംചെന്നനാളതിങ്ക
ൽ * സത്യസുവിശേഷവേലക്കായിട്ടിശി എത്തി
യപ്രേഷകൻശെയ്ക്കാരെന്നു * പാരമ്പര്യമായിചൊല്ലീ
ടുന്നജനം സാരമതുരയിതുസൂക്ഷിച്ചീടിൽ * ഉന്നതനാ
ഥന്റെശിഷ്യനാംപ്രേഷകൻ പിന്നെഗമിച്ചുമറദിശി
യിൽ * ചിനത്തുമാർഗ്ഗമറിയിപ്പതിന്നായി ചേരാത്തു
പോയിമുനിവരനും * സഞ്ചാരംചെയ്തുകഷ്ടപ്പാടേറ
കൊണ്ടു അജ്ഞാതനാഥനായ്വേലചെയ്തു * ആദിശി
യിങ്കൽപലസ്ഥലത്തുംഭാഗ്യാൽ സാദരംരക്ഷാമാർഗ്ഗമറി
ഞ്ഞു * വിശ്വസിച്ചുപലർജ്ഞാനസ്നാനമേറ്റു വിശ്വാ

സതാതൻമുനികരത്താൽ * അത്ഭുതമപ്രദേശങ്ങളിലും
ശ്ലീഹ തല്പരകാരുണ്യത്താലെചെയ്യ* സൊഃക്കാത്രയാ
ദിപലദിശിയിക്കലും കൈക്കൊണ്ടജ്ഞാനസ്നാനംജന
ങ്ങാം * ചീനാംബുധിത്തുരുത്തുകളിലുംചിലർ ജ്ഞാന
സ്നാനമേറവിശ്വസിച്ച* താമസമൊട്ടകഴിച്ചതിൻെറ
ശേഷം തോമാശ്ലീഹായുംമടങ്ങിവന്ന* പാണ്ടിരാജ്യമൊ
ക്കെപീണ്ടുംനടകൊണ്ടുഇണ്ടൽകൂടാതെമാർതോമതാനും*
ആടിശിയിലുള്ളമ്ലേഷ്ഗണങ്ങളെ ആദരയിൽചെന്ന
സന്ദർശിച്ച* വിശ്വാസക്കാരായമാനുഷരെയന്ന ആശ്വ
സിപ്പിച്ചുറപ്പിച്ചുപിന്നെ* ചിന്തമുഴുത്തന്നകേരളത്തിൽ
നട്ട മുന്തിരിങ്ങാതോട്ടംകാണ്മാനിന്നായ് * വീണ്ടുമതി
നാൽമലങ്കരക്കൊലം ആണ്ടവടാസൻമുദാഗമിച്ചു *

൧൯ാം പാദം സമാപ്തം.

൨൦ാംപാദം.

ശ്രുതി: ശ്ലീഹാ മലയാളത്തിൽനിന്ന് ഒടുവിൽ പാണ്ടിരാജ്യത്തേക്കു പോയതും തൻെറ രക്തസാക്ഷിമരണവും.

ശീൽ:— കുന്നിതോന്നിയനിമ്നവയസ്സുപുക്കടനപ്പോഴെ—
അന്നതൊട്ടുതുടങ്ങിബാവയിരുമനസ്സിനതുക്കപോൽ—
എന്നതുപോലെ.
അല്ലെങ്കിൽ—സദേച്ഛചരിത്രത്തിൽ
അഞ്ചാംവൃത്തംപോലെ.

—:*:—

മാറാനിശാമിശിഹാതന്നുടെ മാഗ്ഗമന്നുമലങ്കരെ
മാറാൽതൻകരുണയാലതിശോഭയോടെവളർന്നിത *

കാവ്യദേവതസേവകളതിപാപമെന്നഗ്രഹിക്കയാൽ ദി
വ്യമാർഗ്ഗമറിഞ്ഞുവിശ്വസിച്ചീടിനജനമേവരും * ശത്രു
പീഡകളൊക്കെയന്നക്ഷമിച്ചുകൊണ്ടുവസിച്ചഹൊ ധാ
ത്രിതന്നിലവതരിച്ചതിപാട്ടപെട്ടവനെപ്രതി * രക്ഷമാ
ർഗ്ഗംനടത്തിയമ്പൊട്ടപാലനംചെയ്യുവന്നൊരുരക്ഷകന്ന
ടെശിഷ്യനായമഹാമുനിവരൻതന്നടെ * വാഴ്ത്തിയൊന്ന
മെകേട്ടിടാതവരാഴിപൂണ്ടുമലങ്കരെ പാർത്തുനോക്കിയി
രുന്നനാടതിൽദുഃഖമോടുപലദിനം * ഉറ്റതാതസമാ
നനാകിയമത്തൊമാനെകാണാഞ്ഞവർ പെറ്റമാതുമരി
ച്ചകുഞ്ഞുകളെന്നപോലിരിക്കുംവിധൌ * പാണ്ടിദേശേ
മതുംകടന്നമുനിവരൻനടകൊണ്ടുടൻ വീണ്ടുമിങ്ങുമലങ്ക
രേക്കവരുന്നമാർഗ്ഗമൊരുദിനം * ചെന്നുചേർന്നമലയാ
റന്തരത്തിൽമാർഗ്ഗവുമറിയിച്ചതാൻ മന്ദമെന്നിയെമാന
ഷർ പലർജ്ഞാനസ്നാനമേറീടിനാർ * പിന്നെയങ്ങുന
ടന്നുകൊണ്ടുമഹാമുനിവരനംമുദാ മുന്നമെയടിസ്ഥാന
മായൊരുമാലിയംകരെചെന്നുടൻ * കേരളദിശിയിങ്ക
ലന്നുള്ളമാന്മോടിസക്കാരേവരും ചാരെവന്നുമാർതോമാ
യെകണ്ടുചിത്തമോദകുതൂഹലാൽ * മാനസമതിൽമോ
ദമേറുമുത്തുവിശ്വാസതാതനെ മാനുഷരതിക്കേതി
യോടെവണങ്ങിസൽക്കരിച്ചീടിനാർ * മാത്തൊമാൻ
ശ്ലീഹയന്നതൻറെപ്രീയതനുജവുന്തത്തിന് കത്രാവീ
ശോമിശീഹാനാമത്തിലാശിർവ്വാദംനൽകീടിനാൻ * ഖേ
ദമാട്ടവസിച്ചിട്ടുന്നജനങ്ങളെതണുപ്പിക്കയും വേദസാ
രമതാകെചൊല്ലിനടത്തിയാശ്വസിപ്പിക്കയും * വേദ
ചഞ്ചലമുള്ളവർക്കുപദേശമങ്ങുകൊടുക്കയും വാദമുള്ളോ

രുകായ്മൊക്കവെതീർത്തുസമ്മതമാക്കയും * മോദമോടെ
മനംതിരിഞ്ഞജനങ്ങളെക്കണ്ടുടൻതാരോൽ വേദചിഹ്ന
മതായമാംദീസമോദമോടെകൊടുക്കയും * ആദിനായക
നെയഴകിൽഭജിപ്പതിന്നുമലകരെ ആദിയിൽതാൻച
മെച്ചദൈവാലയങ്ങളെനടത്തിക്കയും * സത്യദൈവ
മായുള്ളനാഥനുനിത്യപൂജകഴിക്കയും മത്സരെപരിപ്പി
ച്ചകൊണ്ടുക്രമപ്പെട്ടുതിരികയും * മാറുമുള്ളിടികി
ൽചെന്നനാഥനെയറിയിക്കയും ഉറവേലകൾചെ
യ്കൊണ്ടുനടന്നുപാടുകളേൽക്കയും * ഇങ്ങിനെപ്രയ
ത്നങ്ങൾചെയ്തുഗുരുവരൻപലവത്സരം മംഗലംപൂണ്ടി
രുന്നുകേരളദിക്കതിലജപാലനായ് * കാവ്യമാർഗ്ഗമതൊ
ക്കയുംപലടിക്കിൽനിന്നുനശിച്ചുപോയ് കാവ്യക്ഷേത്രമ
നേകമങ്ങിനെശൂന്യമായിമലകരെ * സത്യവേദമിദം
പെരുകിപ്പരന്നുവന്നതുകാരണം സത്യവേദികളോടുശ
ത്രുതദുഷ്ടന്മാക്കുവലിച്ചഹൊ * സത്യവേദംനടത്തിവ
ന്നമുനിവരനെഹിംസിക്കുവാൻ സത്യവേരിപുക്കളുറ
ശ്രമിച്ചിതുപലവേലകൾ * മാത്തോമനാടെരക്ഷമന്നമ
ലകരെവെച്ചുചിന്തുവാൻ കർത്താവിന്നുടെചിത്തമില്ലാ
ഞ്ഞകാരണംഫലിച്ചില്ലതും*ദ്രോഹമന്നുപലവിധമവർ
ചെയ്യുമാർഗ്ഗമൊടുക്കുവാൻ ദ്രോഹപീഡകളേറുംതോറു
പെരുകിവന്നിതുമാർഗ്ഗവും * ഈശോസേവകരായമാ
നഷർപാർത്തുവന്നഗ്രാമങ്ങളിൽ ആശയോടുനടന്നുക
ണ്ടതിപ്രീതിപൂണ്ടുമുനിവരൻ * മഹാനാഥനുടെവര
ങ്ങൾവിശ്വാസികൾക്കുകൊടുത്തുതാൻ സ്നേഹമോടെ
സ്ഥിരപ്പെടുത്തിയവർക്കുവാഴകൾനൽകിനാൻ* മേലിൽ
വണ്ണംനടവടികൾപലതുമങ്ങറിയിച്ചുതാൻ ചേലോടെ

ന്നവരോടുയാത്രകളുംപറഞ്ഞുഗുരുവരൻ * പാണ്ടിദേശേ
മതൊക്കയുംമഹാഭോഷമണ്ഡലഭൂമിയും വീണ്ടുംചെന്നു
കാണുന്നതിന്നുമുഴുത്തൊരാശമനമതിൽ * വിട്ടുപോ
യിമലങ്കരെനിന്നുമത്തോമാനുമൊരുദിനം ഇഷ്ടമേറിയ
മാനുഷരുടെവാത്തകളറിഞ്ഞീടുവാൻ* ദൂരമേറെനടന്നു
കൊണ്ടതിക്ഷീണനായിമുനിവരൻ ദൂരദിക്കുകളുംകടന്നു
ഗമിച്ചിട്ടന്നൊരുവേളയിൽ* മുഖ്യമേറിയകാളിതന്നുടെ
കോവിൽകണ്ടുവഴിയതിൽ മുഖ്യമേറിയതെന്നുചൊല്ലിജ
നങ്ങളുംപലരുണ്ടതിൽ * തത്രചെന്നിതുമാത്തോമാനു
മൊരുവഴിപോക്കനെന്നപോൽ ക്ഷേത്രപാലകരുംപറ
ഞ്ഞുടൻഭദ്രകാളിമഹിമകൾ * ശക്തിപെട്ടഗുരുതിയെ
ന്നൊരുപൂജയുംകഴിക്കുവാൻ ഭക്തിയോടവർകൂടിയൊ
ത്തിരിക്കുന്നതുംപറഞ്ഞന്നവർ* കേട്ടുവാത്തകൾമത്തോ
മാനതിതാപമോടുപറഞ്ഞിദം ഇഷ്ടമുള്ളവരെയിതുമഹാ
കഷ്ടമെന്നുനിനക്കേണം * കാളിതന്നുടെസേവകൊ
ണ്ടൊരുകായ്വുംവരുന്നില്ലഹോ കാളിയാരെശപിച്ചുനീ
ക്കിയനാഥനസ്തുതിചെയ്തീടണം * എന്നവാക്കുകൾകേ
ട്ടുകോപിതരായഭദ്രസുരരെന്നോർ നിന്നയോടുമറുത്തു
ചൊന്നവർനിന്നവാക്കുകളീവിധം * എന്തെടാപരദേ
ശിനിന്നുടെഈശ്വരനത്രശക്തനോ എന്തുചൊല്ലി
നീകാളിതന്നുടെസേവസാരമില്ലെന്നിതോർ * ഭിക്ഷുവാ
യനിനക്കിവിടെയടുത്തുകായ്വതരില്ലകേൾ കുക്ഷിപൂരണ
മെന്നല്ലാതൊരുചിന്തയെന്തുനിനക്കെടോ* നിന്ദചൊ
ന്നനീദ്രുകാളിയെക്കുറ്റിചൈതൊഴുതീടണം നിന്ദവാ
ക്കുകളെന്തുനീയതിഭക്തിയോടെഭജിക്കേണം * ഭക്ഷണ
ത്തിനുപായസമതിശിക്ഷയിൽഞങ്ങൾനൽകീടാം ക്ഷ

ക്ഷിപൂരണമാക്കിയങ്ങുഗമിക്കനീതാമസംവിനാ * കാളി
യാരുടെവിഗ്രഹത്തെവണങ്ങിടേണമെന്നിങ്ങിനെ കാ
ളിസേവകർ തോമായോടതി ശംസനയോട്ട ചൊല്ലി
നാർ * ദേവനായകശാപമേറെറാരുകാളിയെഭജിച്ചീട്ട
വാൻ ദേവസേവകനോട്ട ശാഠ്യമതേറാമങ്ങു മുഴക്ക
യാൽ * കോപമാടെപറഞ്ഞിതുമമപ്രാണഹാനിവരി
കിലും ശാപമേറാപിശാചിനിന്നടികൂപ്പുകയില്ലാരിക്ക
ലും * കാളിയാരെഭജിക്കണമെന്നുശാസനമുഴത്തീട്ട
കിൽ കാളിതന്നുടെകോവിലിക്ഷണംതിയ്യിനാലെഹി
ച്ചീടും * ശാപവാക്കുകളേവംചൊന്നതുകേട്ടനേരമവര
തി കോപമോടെകയത്തുതോമായോടേറകൊണ്ടുപറ
ഞ്ഞിടാ * അമ്പലംഹിച്ചീട്ടുമെങ്കിലരിപ്പാർതന്നെ
കണ്ടീടണം വമ്പുചൊല്ലിയനിൻവചനങ്കൾസത്യ
മോഎന്നറിയേണം * ദേവിതന്നുടെകോവിലിന്നുനീക
ത്തുമെന്നുറച്ചതും ദേവിതന്നെഭജിച്ചിടാതെനീനിന്ന
വാക്കുകൾചൊന്നതും * നല്ലതന്നുനിനച്ചീടേണ്ടനീന
ല്ലതായ്വരികില്ലത് അല്ലൽവന്നുഭവിച്ചീട്ടുനിനക്കില്ലതി
ന്നൊരുസംശയം * ഇത്തരംബഹുശക്തിയോടെപറ
ഞ്ഞുതീർന്നവരുംതദാ സത്വരംകാളിയാരുടെകോവിൽ
തീപ്പിടിച്ചതിഘോരമായ് * മാരുതബലമേറുവഹ്നിപി
ടിച്ചുകാവെരിയുന്നതും ചാരത്തുള്ളജനങ്ങളൊക്കെവൊചാ
ടിഭയാടിപോകുന്നതും * ഭക്തിയോടവർചെയ്യുവന്നൊ
രുപൂജയാദിഗുരുരികം ശക്തിപെട്ടൊരുതിയ്യിനാലെ
ഹിച്ചതതുനശിച്ചതും * കാണവേണമിതെന്നുചിത്തെ
നിനച്ചിരുന്നൊരുമാനുഷർ ഈണമേറിയതിയ്യതിലക
പ്പെട്ടുടൻവലയുന്നതും * പ്രാണഹാനിഭവിക്കുമെന്നുമന

മതിലുറച്ചന്നവർ പ്രാണവേദനയോടുകൂടവെകാളിയെ
ദൃഷിക്കുന്നതും* കാളിയാരുടെവിഗ്രഹംവെന്തുഭൂമിയിൽ
പതിയുന്നതും കാളിയുംമഹാഭീതിയോടെവിളിച്ചപ്പെട്ട
വന്നാദരാൽ * ദേവസേവകൻമാത്മാമായുടെകാൽത്ത
ളിർവണങ്ങുന്നതും ദേവസേവകസന്നിധിവിട്ടുദേവത
യോടീടുന്നതും * തത്രകണ്ടുപരിഭ്രമിച്ചുവിറച്ചുഭൂസുരരൊ
ക്കെയും മിത്രായജനങ്ങളുംമഹാപൂജകാരികളുംതഥ *
നാണംകെട്ടവരാകയന്നതിഭീതിയോടെനടന്നുടൻ കാ
ണവേണ്ടയിതെന്നുചൊല്ലിയകന്നുപാഞ്ഞുടനപ്പോഴെ *
കാവുകത്തിയവിസ്മയമിതുകണ്ടമാനുഷരിൽപലർ ദേവ
ദാസൻമാത്മാമനെന്നതുകേവലംവിശ്വസിച്ചുടൻ* വ
ന്നുചാരെമുനിവരനെവണങ്ങിനാരവരേവരും അന്നവ
ക്കുമിശിഹാതന്നുടെമാഗ്ഗവുമറിയിച്ചുതാൻ * സത്യവേദ
മറിഞ്ഞവരതിഭക്തിപൂണ്ടിതുമാനസേ തിത്യരക്ഷലഭിപ്പ
താകിയമാമ്മോദീസാകയ്ക്കൊണ്ടുടൻ * അന്നമാറപരമ
നായകനെസ്തുതിച്ചുനമിച്ചുടൻ സന്തതമാദേശത്തുനി
ന്നുമാത്മാമനുംനടകൊണ്ടിതു * ഇഷ്ടമേറിയചോഴ
ദേശവിശ്വാസക്കാരെകണ്ടീടുവാൻ ഇഷ്ടമേറെമുഴുത്തു
ചിന്നമലക്കുപോയിമുനിവരൻ * അന്തരതിഭക്തി
യോടടിനംപ്രതിഭജിക്കുന്നോരു ചന്തമേറിയകാവുതീ
പിടിപെട്ടതുനശിച്ചതും * സത്യവേദംപരന്നുമെല്ലെ
വെനാടതിൽപെരുകുന്നതും സത്യവേദമുനിവരനുടെ
കീർത്തിയറിവരുന്നതും * കണ്ടുഭൂസുരജാതികൾക്കതി
വൈരമേറെമുഴുത്തുടൻ കണ്ടകക്കതിനാലെപ്രഷകനെ
വധിപ്പതിന്നുമായ് * എന്നതന്നെയുമല്ലമൈലാപ്പൂ
രിന്നടനാടുവാഴിയാം മന്നൻകുന്തപ്പരാജൻതന്നുടെ

57238

പതിമാരിലൊരുത്തിയും * സത്യവേദമുനിവരനുടെകീ
ത്തിയുമുപദേശവും പഥ്യമോടവൾകേട്ടുകൊണ്ടുമനംതി
രിഞ്ഞുതിടുക്കിയാൾ * സത്യവേദംരഹസ്യമായവൾ
വിശ്വസിച്ചൊരുവാത്തയെ സത്യവൈരികളായദുഷ്ട
രർരാജനോടറിയിക്കയാൾ * കോപമേറുമുഴുത്തുഭൂപതി
ശ്ലീഹതന്നെവധിക്കുവാൻ ജീവനോടെപിടിച്ചുകൊണ്ടു
വരുന്നതിന്നരുൾചെയ്തുടൻ * വൈരമേറിയഭൂസുരക്ഷ
തിനാലെശക്തിയതേറുമായി ധൈര്യമോടവരൊത്തു
കൂടിമുനിവരനെവധിക്കുവാൻ * മൈലുവേട്ടകഴിച്ചവ
യുടെപീലികളെടുത്തീടുന്ന ശൈലവാസികൾവേടരെ
ദ്രിജരേപ്പെട്ടുത്തിയയച്ചിതു * മൈലാപ്പൂരുമലയതിൽ
മുനിപ്രാർത്ഥനകഴിക്കുംവിധൌ മൈലുവേടന്മാരസ്സംവിട്ടു
മാർതോമതൻതിരുമേനിയിൽ * സത്യപാലകശിഷ്യനു
ന്നഗമിച്ചുചിന്നമലയതിൽ സത്തമനവിടെയിരുന്നു
ഹയതിൽചിലവാസരം * സത്യവേദജനങ്ങളാകിയശ്ലീ
ഹതന്നുടെപുത്രരും എത്രമാർതോമന്നെയന്നവർ
കൾമനോർഗ്രാമത്താകിനാർ * രക്ഷകനുടെശിഷ്യനായ
മുനിവരൻതോമതന്നുടെ ഇക്ഷിതിയിലെവാസംവിട്ടു
മോക്ഷാലയത്തുഗമിക്കുവാൻ * കാലമന്നുസമീപമായ
തുകൊണ്ടുവൈരികളൊക്കവെ വേലചെയ്യുമുനിവരനെ
തിരഞ്ഞുകൊണ്ടുനടന്നവർ * കഷ്ടമേറിയപാതകത്തിനു
ഒട്ടുമെടിയെന്നിയെ ദുഷ്ടവൈരികൾവീണ്ടുമങ്ങുശ്രമി
ച്ചുകൊണ്ടുനടന്നവർ * മൈൽപുരിയതിലുള്ളചിന്നമ
ലയുടെചാരത്തുള്ളൊരു കൽമനോർഗ്രാമത്തിൽക
ടൽതീരെശ്ലീഹയൊരുദിനം * ഏകനായവിടെയിരുന്ന
തിടുക്കിയോടെമുനിയരൻ ഏകനായകനാംപുരുഷനെ

DHARMARAM COLLEGE LIBRARY
BANGALORE

മിച്ചിരിക്കുംദേശത്തിൽ * ദുഷ്ടഘാതകനേകനങ്ങുമാർ
തോമതന്നുടെചങ്കതിൻ നിഷ്ഠുരത്തൊട്ടശൂലംചാട്ടിമുറി
പ്പെടുത്തിയുകശൂലൻ* ഇഷ്ടനുഥൻമിശിഹാതന്നുടെക
ഷ്ടപ്പാടുകളെപ്രതി കഷ്ടമേറിയകുത്തുകൊണ്ടുസഹിച്ച
വേദനസവ്വും * രക്ഷകാബ്ദംമഴപതുംപുനരഞ്ചു കൂടി
യവത്സരെ രക്ഷിതാവുപിറന്നമാസംധനയിരുപത്തൊ
ന്നാംദിനെ * രക്ഷമാർഗ്ഗമീനാട്ടിൽനട്ടസംരക്ഷണംചെ
യ്യുവന്നൊരു രക്ഷകന്നുടെപക്ഷമേറിയശിഷ്യനുംമൃതി
പെട്ടടൻ * ഇക്ഷിതിയതുവിട്ടുതൽക്ഷണംരക്ഷകന്നുടെ
വാസമാം അക്ഷയപ്രഭയോടുകൂടിയമോക്ഷമന്ദിരെപുക്കി
നാൻ * ആദിശിയിൽവസിച്ചീടുന്നവിശ്വാസികളിതു
കേൾക്കയാൽ ഖേദമേറെമുഴുത്തുകൂട്ടമോടെയടുത്തുടനെ
പ്പൊഴെ * സത്യവേദമെനിവരൻമൃതിപെട്ടതന്നവർകാ
ങ്കയാൽ ചിത്തഖേദമതേറെയങ്ങുമുഴുത്തുടൻമേറിയിട്ട
വർ * ഭക്തിയോടെമാർതോമതൻതിരുദേഹമങ്ങെടുത്ത
വർ ഭക്തിപൂണ്ടതിഘോഷമോടെയടക്കിചിന്നമല
യതിൽ * ഉത്തമൻമുനിമത്തായാൻമൃതിപെട്ടവീണസ്ഥ
ലത്തിലും ശുദ്ധിമാനെയടക്കിയകവറിങ്കലുംചിന്നപള്ളി
കൾ * അന്നുതൊട്ടതിഭക്തിയോടെപലദിശികളിലുള്ള
വർ ചെന്നകണ്ടുകവറിടമതുകുമ്പിടുന്നവഴക്കമായ് * ഇ
ങ്ങിനെപലവത്സരങ്ങൾകഴിഞ്ഞുപോയദശാന്തരെ സം
ഗതിയതുവന്നുകൂടികവറിൽക്കിയടക്കുവാൻ * മാത്തൊ
മാനീഹപാട്ടപെട്ടമരിച്ചവാത്തകൾകേൾക്കയാൽ ആ
ത്തശോകമതോടുകൂടിയുറഹദേശവിശ്വാസികൾ * ചെ
ന്നുചിന്നമലയിലുള്ളൊരുശുദ്ധമാംകവറിൽനിന്നു അ
ന്നവർശ്ലീഹതന്നുടെതിരുദേഹശേഷമെടുത്തുടൻ * ആ

ട്ടിനാഥൻദാസനാകിയമാർതോമാടെയസ്ഥികളും ഏദ
ശാപുരിതന്നിലങ്ങവർകൊണ്ടുപോയടക്കീടിനാർ * ശു
ദ്ധമാംതിരുശേഷമന്നവർ കൊണ്ടുപോയൊരുവാസരം
പുരുനായകനകരിൽകക്കിടമാസംമൂന്നതിലാകയാൽ*
ശുദ്ധമാനമാർതോമതന്നുടെയോമ്മക്കായിമലങ്കരെ ശു
ദ്ധമുള്ളതിരുട്ടിനംദ്ഹറാനയുംനടപ്പായിത് *

സർവ്വേശ്വരായനമഃ

സമാപ്തം.

V a 19




S. T. MONASTERY,
AMPAZHAKAD.


S.T. MONASTERY,
AMPAZHAKA

DC Archives
00051238
J63 V43